
Annual Subscription : Rs. 100/-

# NEW VISION

## FOR A CHANGING WORLD

Vol 16 | Issue 5 | January 2016



**Rt. Rev. Dr. Jochen Cornelius Bundschuh, Bishop of Church of Balden, Germany , on bicycle to conserve energy**

* ജസ്റ്റിസ് കെ.റ്റി തോമസ് * ഡോ. ഡി. ബാബു പോൾ * ജോർജ്ജ് ബഹനാൻ
തുടങ്ങിയവരുടെ ലേഖനങ്ങൾ


ജർമ്മനിയിൽ നിന്നുമുള്ള വിവിധ ദൃശ്യങ്ങൾ







KINDER-BÜCHER


ES GÉNÉRAT ONS CLIMAT
Bienvenidos
Добр ожаловать
欢迎
مرحبا بكم






2015/2016

''NEW VISION FOR A CHANGING WORLD' is an ecumenical magazine owned by a Nava Darshan Trust, a Public Charitable Trust registered in1999. This periodical, originally started in 1992 as a bimonthly entitled 'NEW VISION', has become a monthly since February 2001. It serves as a forum for exchange of views and a source of inspiration for enlighted action. This publication is solely supported by the voluntary donations of its readers. Your contributions - intellectual and financial - are most welcome. *The Meeting Point* (a publication of CISAC, USA) is currently being published in association with *New Vision*.

**EDITORIAL BOARD**

| | |
|---|---|
| **Patron** | Most Rev. Dr. Philipose Mar Chrysostom Mar Thoma Valiya Metropolitan |
| **Chairman** | The Rt. Rev. Dr. Sam Mathew |
| **Hon. Chief Editor** | Prof. Dr. Cyriac Thomas (Former Vice Chancellor of MG University& Minority Educational commission member) |
| **Executive Editors** | Prof. Dr. Jose Parakadavil (former Principal of BAM College, Thuruthicad)<br>Dr. Jesudas Athyal (USA) |
| **Managing Editors** | Mr. George Mathew. C,<br>Mr. Koshy George (USA) |
| **Manager** | Rev. Prof. K.C. Mathew (Former Principal of Bishop Moore College, Mavelikara & Former Manager of UC College, Mavelikara) |
| **Associate Editor** | Mr. Ninan Jacob |
| **Editor & Publisher** | Prof. Dr. Mathew Koshy Punnackad (Director of Ecological Department of CSI & Former Principal of Bishop Moore College, Mavelikara) |
| **Office Assistant** | Mr. Kurien Thomas T |
| **Editorial Board** | Dr.Sabu George *(Principal, Bishop Moore College, Mavelikara)*<br>Prof. Vijo Thomas Kurien *(CMS College, Kottayam)*<br>Prof. Dr.Achamma Alex *(Principal, Christian College, Chengannur)*<br>Rev.Dr. Mathew Daniel *(Secretary, CSS, Thiruvalla)*<br>Mr.George Behanan<br>Prof.Dr.Sabu De Mathew *(St.Thomas College, Pala)*<br>Prof.John George Athyal *(Christian College, Chengannur)*<br>Prof.Dr.Muse Mary George *(UC College, Alwaye)*<br>Mr. J. Philipose,Mr. T. Mathew(USA), Rev. Anandraj (USA), Rev. A.C. Thomas, Rev. Abraham P. Varkey |

**വരിസംഖ്യയും സംഭാവനകളും അയയ്ക്കേണ്ട വിലാസം**

**മാനേജർ, ന്യൂ വിഷൻ** മന്ദിരം, മാങ്ങാനം പി. ഒ., കോട്ടയം - 686 018 കോട്ടയം സി.എസ്.ഐ. ഡയോസിസൻ ബുക്ക് ഡിപ്പോ, തിരുവല്ല സി.എസ്.എസ്സ്, എന്നിവിടങ്ങളിൽ വരിസംഖ്യ അടയ്ക്കാവുന്നതാണ്. റാപ്പർ നമ്പർ സഹിതം വിവരം ഓഫീസിൽ അറിയിക്കുക.

**(A/c No.67013367593** IFSC no. SBTR0000471 **New Vision,SBT,Manganam)**

**കത്തുകളും പ്രസിദ്ധീകരണത്തിനുള്ള ലേഖനങ്ങളും അയയ്ക്കേണ്ട വിലാസം**

ഡോ. മാത്യു കോശി പുന്നയ്ക്കാട്, എഡിറ്റർ, ന്യൂവിഷൻ, പുന്നയ്ക്കാട് പി. ഒ., കോഴഞ്ചേരി - 689 652,
Phone / Fax : 0468 2214068, 2310376 Mob : 9847275754
e-mail : newvisionmagazine@gmail.com

**CONTACT PERSONS**

**Mr. C. J. Rajan** 25, Razak Gardens, 8-Cross Street, Arumbakkam, Chennai - 600 106 Ph : 044-23634755
**Mr. George Eapen**, Kuwait Mob : 66031607
**Mr. Regi Chandy Koshy**, Kuwait. Mob : 66011377
**Jacob Mamoodan**, Pathanamthitta
Ph : 09947440258 Email : mamooden@hotmail.com

# CONTENTS

**4** എഡിറ്റോറിയൽ....
- ഡോ. ജോസ് പാറക്കടവിൽ

**5** ജർമ്മനിയിൽ വിശ്വാസികളുടെ എണ്ണം കുറയുന്നു
- മാത്യുകോശി, പുന്നയ്ക്കാട്

**11** വധശിക്ഷ – ഒരു പുതിയ ചിന്ത
- ജസ്റ്റിസ് കെ.റ്റി. തോമസ്

**13** ഡോ. ബാബുപോൾ അൾത്താര ബാലൻ
- എസ്. മഞ്ജുളാദേവി

**16** കാലത്തിനു മുമ്പേ നടന്ന ഉമ്മനച്ചൻ
- മാത്യുകോശി, പുന്നയ്ക്കാട്

**18** മരുഭൂമിയിലെ നീരുറവകൾ – പാലും തേനും
- റവ. ഏ.സി. തോമസ്, തിരുവല്ല

**20** ഐക്യു – ഇക്യു ഇതു രണ്ടും മാതാപിതാക്കൾ വേർതിരിച്ച് മനസ്സിലാക്കട്ടെ
- ജോർജ് ബഹനാൻ

**22** Physical Constitution
- **Abraham Verghese**,

**23** സോഷ്യൽ മീഡിയ മാനേജ്മെന്റ്
- റവ. ഏബ്രഹാം പി. വർക്കി

**പരസ്യ നിരക്കുകൾ**

| | Full Page | Half Page | Quarter Page |
|---|---|---|---|
| Back cover (outside) | Rs. 7000 | Rs. 3500 | |
| Back cover (inside) | Rs. 5000 | Rs. 3000 | |
| Inner Pages | Rs. 3000 | Rs. 1500 | Rs. 800 |

Cover Design: **IGM Offset Press**
Page Layout @ IGM Offset Press
Ph : 0469 2602192, E-mail: igmthiruvalla@hotmail.com




# ദുരന്തങ്ങൾ ആവർത്തിക്കുമ്പോൾ

■ ഡോ. ജോസ് പാറക്കടവിൽ

കുറേക്കാലമായി ഓരോ ആണ്ടും പടിയിറങ്ങുന്നത് ചില ദുരന്തങ്ങളുടെ ഓർമകൾ ശേഷിപ്പിച്ചുകൊണ്ടാണ്. ഓരോ പുതുവത്സരത്തിലും നല്ല നാളുകൾക്കായി ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നുവെങ്കിലും ദുഃഖകരങ്ങളായ സംഭവങ്ങൾ ആവർത്തിക്കുന്നു. തിരിഞ്ഞു നോക്കുമ്പോൾ ഈ ദുരന്തങ്ങളുടെയെല്ലാം പിന്നിൽ മനുഷ്യന്റെ പ്രവർത്തനങ്ങൾക്കും പങ്കുണ്ടെന്നു കാണാൻ പ്രയാസമില്ല.

കാലാവസ്ഥാ വ്യതിയാനമാണ് കനത്തമഴയ്ക്കും ചെന്നൈയിലെ ദുരിതങ്ങൾക്കും കാരണമെന്നു പറയുമ്പോളും കാലാവസ്ഥാ വ്യതിയാനം മനുഷ്യൻ വരുത്തിവച്ചതാണെന്ന വസ്തുത പലരും ഓർമിക്കുന്നില്ല. കാലാവസ്ഥാ വ്യതിയാനം പോലെ വലിയ കാരണങ്ങളിലേക്കു പോകും മുമ്പെ, ചെന്നൈയിലും കാശ്മീരിലും ഉത്തരാഖണ്ഡിലുമെല്ലാം വികസനത്തിന്റെ പേരിൽ മനുഷ്യർ ചെയ്തുവച്ച അപരാധങ്ങളെക്കുറിച്ച് ചിന്തിക്കേണ്ടതുണ്ട്.

50 ലക്ഷമാളുകൾ ജീവിക്കുന്ന ചെന്നൈ നഗരത്തിൽ ദുരന്തമുണ്ടായതിനു മഴയെ മാത്രം പഴിയ്ക്കുന്നതു ശരിയല്ല വിവേചനമില്ലാത്ത നഗരവല്ക്കരണവും രാഷ്ട്രീയ-ഉദ്യോഗസ്ഥ ബാന്ധവങ്ങളുടെ പിന്നിലെ അഴിമതികളുമതിനു കാരണമാണ്.

ഈ ദുരന്തം സർക്കാർ നിർമ്മിതം കൂടിയാണ്. ചതുപ്പുകളും തടാകങ്ങളും റിയൽ എസ്റ്റേറ്റ് ലോബിക്കു കൈമാറി വൻ അഴിമതിയുടെ ഭാഗമായ സർക്കാരിന് ഈ ദുരന്തത്തിന്റെ ഉത്തരവാദിത്തത്തിൽ നിന്ന് കൈകഴുകി മാറാനാവില്ല എന്നു പറഞ്ഞത് നഗരാസൂത്രണവിദഗ്ധനായ മുൻ ഐ.എ.എസ് ഓഫീസർ എം.ജി. ദേവസഹായമാണ്. എറ്റവുമധികം നാശനഷ്ടങ്ങളുണ്ടായ പ്രദേശങ്ങളധികവും പണ്ടേ ജനവാസ യോഗ്യമല്ലാതെ ചതുപ്പുകളും കുളങ്ങളും ആയിരുന്നു. അവിടെ വീടുകളും ഫ്ളാറ്റുകളും നിർമ്മിക്കുവാൻ ഉദ്യോഗസ്ഥരും രാഷ്ട്രീയ നേതാക്കളും വേണ്ട ഒത്താശകൾ നല്കി. വീടുവക്കുവാൻ ഇടം തേടുന്ന സാധാരണക്കാർ ഭവിഷ്യത്തുകളെപ്പറ്റി ചിന്തിക്കുവാൻ കഴിവുള്ളവരാകണമെന്നില്ല. അവരെ ബോധവല്ക്കരിക്കേണ്ടതും ദുരന്തസാധ്യതകൾ ഒഴിവാക്കേണ്ടതും ഭരണകൂടത്തിന്റെ ചുമതലയാണ്.

തൊട്ടപ്പുറത്ത് ദുരന്തം സംഭവിക്കുമ്പോഴും കേരളത്തിൽ മാറ്റമൊന്നുമുണ്ടാകാതെ തമിഴ്നാട്ടിൽ നടന്നതിന്റെ തനിയാവർത്തനങ്ങൾ തുടരുന്നു. കെട്ടിടനിർമ്മാണ മേഖലയിലെ സുരക്ഷിതത്ത നിയമങ്ങൾ പാലിക്കണമെന്നു ശഠിക്കുന്ന ഉദ്യോഗസ്ഥന്മാരെ ഒഴിവാക്കിക്കൊണ്ട് നിയമങ്ങൾ ലഘൂകരിച്ച് ഭാവിയിലെ ദുരന്തങ്ങൾക്കു വഴിയൊരുക്കുന്നു. നിയമങ്ങളെല്ലാം കാറ്റിൽ പറത്തിക്കൊണ്ട് വയലുകളും തണ്ണീർത്തടങ്ങളും നികത്തുന്നതും സുരക്ഷിതത്ത നിയമങ്ങൾ പാലിക്കാതെ പാർപ്പിട സമുച്ചയങ്ങളുണ്ടാകുന്നതും വികസനത്തിനു വേണ്ടിയാണെന്നു ജനങ്ങളെ ധരിപ്പിക്കുവാനാണ് ഭരണകൂടങ്ങൾ സദാ ശ്രമിക്കുന്നത്. നിർഭാഗ്യവശാൽ ജനങ്ങളിൽ നല്ലൊരു വിഭാഗം ഈ വികസന മന്ത്രത്തിന്റെ ശക്തിയിൽ വശീകൃത രാണ്. മലയോരമേഖലയെ എങ്കിലും അത്യാപത്തുകളിൽ നിന്നും രക്ഷിക്കുവാൻ ശ്രമിക്കുമ്പോൾ, ഞങ്ങൾക്ക് അവകാശപ്പെട്ട വികസനം നിഷേധിച്ചുകൊണ്ട് കേരളത്തെ രക്ഷിക്കുവാൻ ആരും മോഹിക്കേണ്ട എന്നു പറയുവാൻ ജനങ്ങളെ പരിശീലിപ്പിച്ചിട്ടുണ്ട്, വികസനത്തിലൂടെ ലാഭം കൊയ്യുന്നവർ.

ചെന്നൈയിലെ ദുരന്തം പഠിപ്പിക്കുന്ന ഒരു പാഠം ദുരന്തത്തിനു മുമ്പിൽ പണത്തിനു യാതൊരു വിലയും ഇല്ല എന്നതാണ്. ബാങ്കിൽ വലിയ നിക്ഷേപങ്ങളുണ്ടെങ്കിലും ഒന്നും പ്രയോജനപ്പെടാത്ത അവസ്ഥ. പണമുള്ളതുകൊണ്ട് ആരെയും പരിഗണിക്കാതെ ജീവിച്ചവർ വെള്ളത്തിനു വേണ്ടിയും ആഹാരത്തിനു വേണ്ടിയും യാചിക്കുന്ന അവസ്ഥ.

വിമാനത്തിൽ എങ്ങോട്ടെങ്കിലും പറന്നു രക്ഷപെടാമെന്നു കരുതിയവർ വിമാനത്താവളം പൂട്ടിയതറിഞ്ഞു സ്തബ്ധരായി. ജാതിയുടെയും മതത്തിന്റെയും പേരിൽ അസഹിഷ്ണത പുലർത്തിയവർ ദുരിതാശ്വാസ ക്യാമ്പുകളിൽ ജാതിയും മതവുമില്ലെന്നു തിരിച്ചറിഞ്ഞു.

ഓരോ ദുരന്തവും മനുഷ്യർക്കു പല പാഠങ്ങൾ നല്കുന്നുണ്ട്. അനുഭവങ്ങളിൽ നിന്നു പാഠം പഠിക്കുവാനുള്ള കഴിവെങ്കിലും ഇന്നത്തെ മനുഷ്യർ വീണ്ടെടുക്കേണ്ടിയിരിക്കുന്നു.

■



# ജർമ്മനിയിൽ വിശ്വാസികളുടെ എണ്ണം കുറയുന്നു

ജർമ്മനിയിൽ വിശ്വാസികളുടെ എണ്ണം കുറഞ്ഞു വരുന്നുവെന്ന് അവിടം സന്ദർശിക്കുന്ന ആർക്കും ബോദ്ധ്യമാകും. ആറായിരം അംഗങ്ങളുള്ള ഒരു പള്ളിയിൽ നൂറ്റമ്പത് പേരെയാണ് ഞായറാഴ്ച ആരാധനയിൽ കാണുവാൻ സാധിക്കുക. കലാചാതുര്യത്തോടെ പണിതിരിക്കുന്ന അംബരചുംബികളായ മനോഹരങ്ങളായ വലിയ ദേവാലയങ്ങളിൽ ആയിരത്തിൽ പരം പേർക്കിരിക്കാവുന്നവയാണ്. എഴുപത്തിയഞ്ചു ശതമാനം ക്രൈസ്തവരുള്ള ജർമ്മനിയിൽ മുക്കിലും മൂലയിലും ദേവാലയങ്ങളുണ്ട് എന്ന് പറയുന്നതിൽ അത്ഭുതപ്പെടേണ്ട കാര്യമില്ല. ഒരു കാലത്ത് പള്ളിയിൽ ഞായറാഴ്ച ആരാധിക്കുവാൻ ആളുകളുണ്ടായിരുന്നെങ്കിൽ ഇന്ന് അംഗസംഖ്യയുടെ മൂന്നു ശതമാനം പോലും ആരാധനയിൽ പങ്കെടുക്കുന്നില്ല. ബ്രെഡ് ഫോർ ദ് വേൾഡ് എന്ന സംഘടനയുടെ ഫണ്ട് ശേഖരണത്തിന്റെ ഉദ്ഘാടനവുമായി ബന്ധപ്പെട്ട ഞായറാഴ്ച ആരാധനയിൽ പ്രസംഗിക്കുവാനാണ് ജർമ്മനിയിൽ കാൾഷുറെയിലുള്ള ദേവാലയത്തിൽ ഞാൻ ചെന്നത്.

വൻ പ്രചാരണത്തോടെയാണ് ഉദ്ഘാടനം ക്രമീകരിച്ചിരുന്നത്. നാലായിരം അംഗങ്ങളുള്ള ആ ദേവാലയത്തിൽ എഴുപത് പേരാണ് പങ്കെടുത്തത്. സി എസ് ഐ സഭയുടെ പരിസ്ഥിതി വിഭാഗം ഡയറക്ടറെന്ന നിലയിൽ പാരിസിൽ നടക്കുന്ന കാലാവസ്ഥ വ്യതിയാന ഉച്ചകോടിയുടെ അനുബന്ധ പരിപാടികളിൽ പങ്കെടുക്കുവാനും ജർമ്മനിയിലെ വിവിധ സഭകളും സ്ഥലങ്ങളും സന്ദർശിക്കുവാനുമാണ് ഒക്ടോബർ അവസാന വാരം ഞാനവിടെ ചെന്നത്.

ജർമ്മനിയിൽ പല പത്രങ്ങളും നടത്തിയ പഠനങ്ങളിലും ദൈവവിശ്വാസം കുറഞ്ഞു വരുന്നതായാണ് വ്യക്തമാക്കിയിരിക്കുന്നത്. സമ്പന്നതയുടെ നടുവിൽ നില്ക്കുന്ന രാജ്യത്തെ ജനങ്ങൾക്ക് ദൈവവിശ്വാസം കുറയുന്നുവെന്നതാണ് കാര്യം. തുടർന്ന് പല വൈദികരുമായി നേരിട്ട് സംഭാഷണം നടത്തി ഇതിന്റെ കാരണം അന്വേഷിച്ചു. അവരെല്ലാം പറയുന്നു ഞായറാഴ്ചകളിൽ ആരാധനയ്ക്ക് ആളുകൾ വരാറില്ല. മൂന്നു വൈദികർ ഒരേ മറുപടിയാണ് പറഞ്ഞത്– “ആരാധന ബോറിംങ്ങാണെന്ന് ചെറുപ്പക്കാർ കരുതുന്നു”. ഒരു ബിഷപ്പും അഞ്ചു വൈദികരും എന്റെ ചോദ്യത്തോട് ഇപ്രകാരമാണ് പ്രതികരിച്ചത്. “ഞായറാഴ്ച ദിവസമാണ് കുടുംബ സമേതം ചെലവഴിക്കുവാൻ കിട്ടുന്നയവസരം. അന്ന് വളരെ താമസിച്ചു മാത്രമേ എഴുന്നേൽക്കൂ”. മറ്റൊരു വൈദികൻ എന്നോട് വേദനയോടെ പറഞ്ഞു. “ഈ ദേവാലയങ്ങൾ ഒരു ദിവസം തുറന്നിടണമെങ്കിൽ തന്നെ നല്ല തുക ചെലവാകും. പുറത്ത് തണുപ്പായതിനാൽ അകത്ത് ഹീറ്റർ വേണം. എല്ലാ ദേവാലയങ്ങളും വലിയ വിസ്താരമു




പാരിസിൽ കാലാവസ്ഥ വ്യതിയാന സമ്മേളനം നടന്ന സ്ഥലം

ള്ളതാകയാൽ അനവധി ഹീറ്ററുകൾ ഞായറാഴ്ച പ്രവർത്തിക്കണം. അതിന് തന്നെ വൻതുക ചെലവാക്കണം. നൂറിൽ താഴെ ആളുകൾ വരുന്ന ദേവാലയങ്ങളിൽ നാലായിരം പേർക്കുള്ള സജ്ജീരണങ്ങളുമായി ദേവാലയങ്ങൾ നടത്തിക്കൊണ്ടു പോകുവാൻ സാധിക്കയില്ല. അതു കൊണ്ട് വലിയ ദേവാലയങ്ങൾ ചെറുതാക്കുകയോ, ഒരു ഭാഗം മറ്റാവശ്യങ്ങൾക്ക് വിട്ടു കൊടുക്കുകയോ ചെയ്യേണ്ടി വരും. ചിലപ്പോൾ ചില ദേവാലയങ്ങൾ വിൽക്കേണ്ടിയും വന്നേക്കാം". ഈയൊരഭിപ്രായത്തോട് റവ സൂസന്നാ ലാംബ്സ് യോജിക്കുന്നില്ല. ഈ പട്ടക്കാരിയുടെ പാഴ്സനേജിലായിരുന്നു എന്റെ താമസം സംഘാടകർ ഒരുക്കിയിരുന്നത്. അവർ പറയുന്നു. "എന്റെ ദേവാലയത്തിൽ 6000 പേരാണുള്ളത്. ഞായറാഴ്ച ആരാധനയിൽ ഇരുനൂറ് പേരെ കാണുകയുള്ളു. ഈ പള്ളിയിൽ പല പരിപാടികളും നടക്കുന്നുണ്ട്". അവർ ഒരു ബുധനാഴ്ച രാത്രി എട്ടു മണിയ്ക്ക് എന്നെ പള്ളിയോട് ചേർന്നുള്ള മറ്റൊരു കെട്ടിടത്തിലേക്ക് കൊണ്ടു പോയി. വൈകിട്ട് എട്ടു മണി മുതൽ പത്തു മണി വരെ തൊണ്ണൂറ് പേർ ക്വയർ പ്രാക്ടീസ് നടത്തുകയാണ്. പട്ടക്കാരി എന്നോട് പറഞ്ഞു:"മാത്യു, ഇതു പോലെ ഏഴ് ക്വയറാണ് ഈ പള്ളിയ്ക്കുള്ളത്." അച്ചടക്കത്തോടു കൂടി ഒരു വിദഗ്ദ്ധ ക്വയർ മാസ്റ്ററുടെ കീഴിൽ പരിശീലനം നടത്തുന്നത് ആകർഷകമായി തോന്നി. രണ്ടു പാട്ടുകൾ കഴിഞ്ഞപ്പോൾ റവ സുസന്ന എന്നെയും വിളിച്ചു കൊണ്ട് പള്ളിക്കകത്തേക്ക് പോയി. അവിടെ ഇരുപതു പേർ സാക്സോഫോൺ, ബൂഗിൾ തുടങ്ങിയവയുടെ പരിശീലനത്തിലാണ്. എല്ലാ ദിവസവും വൈകിട്ട് എട്ടു മുതൽ പത്തു മണി വരെ പരിശീലനങ്ങളുണ്ട്. സഭയുടെ ഓരോ പരിപാടികളിലും ജനങ്ങൾ പങ്കെടുക്കുന്നു. ഞായറാഴ്ച ദിവസം അവർ പള്ളിയിൽ വരുന്നില്ലെങ്കിലും സഭയുടെ ഓരോ പരിപാടികളിലും അവർ സജീവമായി പങ്കെടുക്കുന്നു. ക്രിസ്മസ് ആരാധനയിൽ പള്ളിയിൽ ഇരിക്കുവാൻ സ്ഥലമുണ്ടാകില്ല".



കാൽഷുറെ പാരിഷിലെ ഇടവക വികാരി റവ സുസന്ന ലാംബ്സിനോടൊപ്പം ആൽത്താരയുടെ മുമ്പിൽ

ഇതിനെ ഇന്ത്യൻ പശ്ചാത്തലത്തിൽ മനസ്സിലാക്കുവാൻ ശ്രമിച്ചു. ആരാധനയിൽ എടുക്കുന്ന സ്തോത്രകാഴ്ചയിലല്ല വൈദികരുടെ ശമ്പളം നൽകുന്നത്. എല്ലാ സഭാംഗങ്ങളും ടാക്സ് കൊടുക്കണം. ഇൻകം ടാക്സിന്റെ പത്തു ശതമാനം ചർച്ച് ടാക്സാണ്. ഇങ്ങനെ പിരിച്ചെടുക്കുന്ന പണം സഭയ്ക്ക് തന്നെ നൽകും. ഇതാണ് സഭയുടെ പ്രധാന വരുമാനം. സ്തോത്രകാഴ്ച കൊണ്ടല്ല ഇടവകകൾ നടക്കുന്നതെന്ന് സാരം. രണ്ടാമത്, ജർമ്മനിയിൽ ക്രൈസ്തവർ ഇന്ത്യയിലേ പോലെ ന്യൂനപക്ഷമല്ല,ഭൂരിപക്ഷമാണ്. മൂന്നാമത്, ആർക്കും ഭാവിയേക്കുറിച്ച് വലിയ ആശങ്കയില്ല. ജോലി കിട്ടാനുള്ള സാദ്ധ്യതകളുണ്ട്. ഭക്ഷണവും താമസവും ആവശ്യമുണ്ടെങ്കിൽ സർക്കാർ സംവിധാനങ്ങളിൽ കൂടി ലഭിക്കും.


**പട്ടക്കാരിയുടെ ദിനചര്യ**

ഞാൻ താമസിച്ചിരുന്ന വീട്ടിലെ പട്ടക്കാരി രാവിലെ 7.15 ന് സ്കൂളിൽ ക്ലാസെടുക്കുവാൻ പോകും. 7.30 മുതൽ 8.30 വരെ എല്ലാ സർക്കാർ സ്കൂളുകളിലും വേദപഠനത്തിനുള്ള സമയമാണ്. പ്രോട്ടസ്റ്റന്റ് കുട്ടികൾക്ക് പ്രോട്ടസ്റ്റന്റ് വൈദികനും കത്തോലിക്ക വിദ്യാർത്ഥികൾക്ക് കത്തോലിക്ക വൈദികനും ക്ലാസെടുക്കും. വിദ്യാഭ്യാസം സൗജന്യമാണ്. അതു കഴിഞ്ഞ് തിരികെ വന്നാൽ ഓഫിസ് ജോലികളാണ്. രണ്ട് ക്ലാർക്കുമാരും, ഒരു സഹായ പട്ടക്കാരിയും സഹായത്തിനുണ്ട് ഉച്ച കഴിയുമ്പോൾ സ്ഥിരികരണ ക്ലാസാണ്. രണ്ടു ബാച്ചുകൾ, മൂന്നിനും അഞ്ചിനും. വൈകിട്ട് 8ന് ക്വയർ പ്രാക്റ്റീസ്. ഇവിടെയെല്ലാം റവ സൂസന്നാ നേരിട്ട് പങ്കെടുക്കും. തിരികെ വീട്ടിൽ വരുമ്പോൾ രാത്രി 9 മണി. ഇത്ര മാത്രം തന്റേടത്തോടെ നേതൃത്വം കൊടുക്കുന്ന വനിതാ വൈദികനെ ഞാൻ ആദ്യമായിട്ടാണ് കാണുന്നത്.

ജർമ്മനിയിൽ സാധാരണ വീട്ടുജോലിക്ക് ആരേയും നിർത്താറില്ല. കാരണം ഒരു മണിക്കൂറിന് ആയിരത്തിൽ പരം രൂപ ശമ്പളമായി നൽകണം. മൂന്ന് മണിക്കൂർ വീട്ടിൽ ജോലി ചെയ്താൽ മൂവായിരത്തി അഞ്ഞൂറ് രൂപയാകും. അതു കൊണ്ട് സൂസന്നയുടെ



ഡോ. ആൽബർട്ട് അടുക്കളയിൽ ആഹാരം പാചകം ചെയ്യുന്നു




വീട്ടിലും അവർ തന്നെ കാര്യങ്ങൾ ക്രമീകരിക്കുകയാണ്. ഭർത്താവ് ആഗോളതലത്തിൽ അറിയപ്പെടുന്ന സഭാ ചരിത്രകാരൻ ആണ് – ഡോ.ആൽബർട്ട്. ബാംഗ്ലൂർ യൂ റ്റികോളജിൽ ഗസ്റ്റ് ലക്ചറർ ആണ്. അദ്ദേഹമാണ് വീട്ടിലെ ജോലികളെല്ലാം ചെയ്യുന്നത്. ഒരു ദിവസം വൈകിട്ട് ആറു മണിയോടെയാണ് ഞാനവിടെ ചെന്ന് കയറുന്നത്. എന്നെ സ്വാഗതം ചെയ്തതിന് ശേഷം അദ്ദേഹം പറഞ്ഞു. സൂസന്ന വരുമ്പോൾ രാത്രി 12 മണിയാകും. വൈകിട്ടത്തേക്ക് ഏത് ഭക്ഷണമാണ് വേണ്ടത്, ഇന്ത്യൻ, ഇറ്റാലിയൻ, ജർമ്മൻ. എന്റെ പരുവക്കേട് കണ്ടപ്പോൾ അദ്ദേഹം പറഞ്ഞു. ഈ വീട്ടിൽ ഭക്ഷണം പാകം ചെയ്യുന്നതും വീട്ടിൽ കാര്യങ്ങൾ നോക്കുന്നതുമെല്ലാം ഞാനാണ്. എന്ന്ട്ട് അദ്ദേഹം അടുക്കളയിലേക്ക് പോയി. ഞാനും അടുക്കളയിലേക്ക് ചെന്നു. ഞങ്ങൾ തമ്മിൽ സംഭാഷണമാരംഭിച്ചു. അദ്ദേഹം ക്ഷണമനുസരിച്ച് ക്ലാസെടുക്കുവാൻ പോകുന്നയാളാണ്. രണ്ടു പേരും കൂടി ജോലിക്ക് പോകുന്നത് നടപ്പില്ലാത്തതിനാൽ ഓരോരുത്തരും മാറി മാറി വീട്ടിലെ ജോലികൾ ക്രമീകരിക്കുകയേ വഴിയുള്ളു. ഡോ. ആൽബർട്ട് വീട്ടിലിരുന്നു ജോലി ചെയ്യുവാനാരംഭിച്ചു. അദ്ദേഹത്തിന്റെ പഠന മുറിയിൽ പുസ്തകങ്ങൾ അടുക്കിയിരിക്കുകയാണ്. കംപ്യൂട്ടറിൽ വായനശാലകൾക്ക് വേണ്ടി പുസ്തകത്തിന്റെ കാറ്റലോഗിംങ് നടത്തും. ഒരു പുസ്തകത്തിന് ഒരു യൂറോ (എഴുപത് രൂപ) ലഭിക്കും. ഒരു ദിവസം നൂറ് പുസ്തകങ്ങൾ ചെയ്യും. ഏതാണ്ട് 7000 രൂപ വീട്ടിലിരുന്നു ഉണ്ടാക്കും. പതിനഞ്ചു മിനിറ്റു കൊണ്ട് ചിക്കനും പച്ചക്കറിയുമെല്ലാം ചേർത്തുള്ള ഭക്ഷണം ലഭിച്ചു. യാത്രാ ക്ഷീണം കാരണം ഞാൻ ഉറങ്ങുവാൻ പോയി.

പിറ്റേദിവസം രാവിലെ സൂസന്നയെ പരിചയപ്പെട്ടു. അവർ സംഭാഷണത്തിനിടയിൽ വ്യക്തി പരമായ ജീവിതത്തെക്കുറിച്ചും പറയുകയുണ്ടായി. ഡച്ചുകാരനാണ് ഡോ.ആൽബർട്ട്. സൂസന്ന ജർമ്മൻകാരിയും. വിവാഹം കഴിഞ്ഞതിന് ശേഷമാണ് വൈദിക പഠനത്തിന് പോയത്. ബിരുദാനന്തരബിരുദം എടുത്തതിന് ശേഷം വൈദികയായി. രണ്ട് മക്കൾ ഒരു മകൻ ജില്ലാ പോലിസ് സൂപ്രണ്ടാണ്. രണ്ടാമത്തെ മകൾ പഠിക്കുന്നു. രണ്ടു പേരും അവിടെയില്ല. സൂസന്നയുടെ കുടുംബം പോളണ്ടിൽ നിന്ന് അഭയാർത്ഥികളായി കിഴക്കൻ ജർമ്മനിയിൽ വന്നു. അവിടെ ക്രിസ്ത്യാനികളെ പീഡിപ്പിക്കുവാൻ തുടങ്ങിയതിനാൽ പടിഞ്ഞാറൻ ജർമ്മനിയിൽ അഭയാർത്ഥികളായി എത്തിചേർന്നു, വീടും സ്വന്തമാക്കി. ഏതാനും വർഷങ്ങൾക്ക് മുമ്പ് പിതാവ് മരിച്ചു. അമ്മയ്ക്ക് തളർവാതം പിടിപെട്ടു. തന്നെ താമസിക്കുവാൻ പ്രയാസമായതിനാൽ വൃദ്ധസദനത്തിൽ ആക്കിയിക്കയാണ്. വൃദ്ധസദനത്തിൽ മാസം കൊടുക്കേണ്ടത് മൂന്നു ലക്ഷം രൂപയാണ്. ഡോക്ടർ, നേഴ്സ് തുടങ്ങിയവർ പരിചരണത്തിനുണ്ട്. വീട് വിറ്റ് കിട്ടിയ തുക ബാങ്കിലിട്ടാണ് അമ്മയുടെ ചെലവു നടത്തുന്നത്. പണം ബാങ്കിൽ നിന്നെടുത്ത് കൃത്യമായി വൃദ്ധസദനത്തിൽ കൊടുക്കുവാൻ പലരും മാനേജർമാരെ വയ്ക്കാറുണ്ട്. അതിന് മാനേജരുടെ ഒരു മണിക്കൂർ ശമ്പളം ഏഴായിരം രൂപയാണ്. ഇപ്പോൾ ആൽബർട്ട് ആ ജോലി ചെയ്യുന്നതിനാൽ ആ പണം ലാഭിക്കുന്നു. സന്ദർഭവശാൽ സുസന്ന തന്റെ ശമ്പളവും പറഞ്ഞു. മൂന്നരലക്ഷം രൂപയാണ് പട്ടക്കാരുടെ ശമ്പളം. പാഴ്സനേജിന് വാടക കൊടുക്കണം. മറ്റ് ചെലവുകളും – അതെല്ലാം കൂടി ഒന്നര ലക്ഷം രൂപയാകും. ബാക്കി രണ്ടു ലക്ഷം കൊണ്ടു ബാക്കി ചെലവുകളെല്ലാം നടക്കണം. സുസന്നയ്ക്ക് ജോലിക്ക് പോകുവാൻ സമയമായി. സുസന്ന പോയപ്പോൾ ഞാൻ ഒറ്റയായി. ആൽബർട്ട് എഴുന്നേറ്റിട്ടില്ല. എട്ടു മണിയായപ്പോൾ ആൽബർട്ട് എഴുന്നേറ്റ് വന്നു. ആൽബർട്ട് പ്രഭാത ഭക്ഷണം പാചകം ചെയ്യുവാൻ അടുക്കളയിൽ കയറി. എന്നെയും കൂട്ടിന് വിളിച്ചു. ആൽബർട്ട് ചായയിട്ടു തന്നു. അദ്ദേഹം പറഞ്ഞു. ഡച്ചുകാർ രാവിലെ ഒരു ചായയോടെയാണ് ആരംഭിക്കുക. ജർമ്മൻകാർ കാപ്പിയോടു കൂടെയും. അപ്പോൾ ഞാൻ പറഞ്ഞു. ഞാൻ രാവിലെ 7മുതൽ എട്ടു വരെ ജർമ്മൻകാരൻ ആണ്. എട്ടു മുതൽ ഡച്ചുകാരനും.

**കൃത്യനിഷ്ഠ**

കേരളത്തിൽ നിന്ന് പോകുന്നതിന് മുമ്പ് മുത്തൂറ്റ് ആശുപത്രിയിലെ ഡോക്ടർ എസ് ജോസഫ് എന്നോട് ചോദിക്കുകയുണ്ടായി, ആരാണ് മാത്യു കോശിയുടെ പ്രോഗ്രാം ഷെഡ്യൂൾ ചെയ്തിരിക്കുന്നത്. ജർമ്മൻകാരണെന്ന് പറഞ്ഞപ്പോൾ അദ്ദേഹം പറഞ്ഞു. എന്നാൽ അത് കൃത്യമായി നടക്കും. അത് തികച്ചും ശരിയാണെന്ന് ബോദ്ധ്യമായി. എല്ലാ ദിവസവം രാവിലെ കൃത്യം 9 മണിയോടെ ഒരു വൈദികൻ വരും, എന്നെയും കൂട്ടി റയിൽവേ സ്റ്റേഷനിൽ പോകും. ട്രെയിനിൽ കയറ്റി വിടും. കൃത്യമായി അവർ പറയുന്ന സമയത്ത് നിർത്തുന്ന സ്റ്റേഷനിൽ ഇറങ്ങണം. ജർമ്മനിയിൽ ട്രയിൻ കൃത്യ സമയം പാലിക്കും. അവിടെയെന്നെ സ്വീകരിക്കുവാൻ മറ്റൊരു വൈദികനുണ്ടാകും. സന്ദർശനമെല്ലാം കഴിഞ്ഞ് തിരികെ കയറ്റിവിടുന്നതുവരെ ആ വൈദികന്റെ



ക്വയർ പരിശീലനത്തിന്റെ മറ്റൊരു ദൃശ്യം

ചുമതലയാണ്. സമയകൃത്യത പാലിക്കുന്നത് അവരുടെ പ്രത്യേകതയാണെന്ന് തോന്നി. രണ്ടോ മൂന്നോ ട്രെയിൻ മാറികയറണമെങ്കിൽ പോലും കൃത്യത പാലിച്ചാണ് എല്ലാ കാര്യങ്ങളും ചെയ്യുന്നത്.

**പരിസ്ഥിതി സംരക്ഷണം**

മെയിൻസ് എന്ന പട്ടണത്തിൽ ചെന്നപ്പോൾ എന്നെ സ്വീകരിച്ചത് ജോണി തോണിപ്പാറയെന്ന മലയാളി അച്ചനായിരുന്നു. അദ്ദേഹം എന്നെ പല സ്ഥലങ്ങൾ കാണിച്ചുതന്നു. ഒരു കട കാണിച്ചിട്ട് പറഞ്ഞു, ഈ കടയിൽ പരിസ്ഥിതിക്കിണങ്ങുന്ന രീതിയിൽ ഉല്പാദിപ്പിച്ച സാധനങ്ങൾ മാത്രമേ വിൽക്കുകയുള്ളു. സാധനങ്ങൾക്ക് വില കൂടുമെങ്കിലും ഞങ്ങളുടെ സഭയിലെ എല്ലാ ആവശ്യങ്ങൾക്കുമുള്ള സാധനങ്ങൾ ഇവിടെ നിന്ന് മാത്രമേ വാങ്ങുകയുള്ളു. ഈ കട ഞങ്ങൾ കൂടി സ്പോൺസർ ചെയ്തു നടത്തുന്നതാണ്.

മറ്റൊരു വൈദികൻ പറഞ്ഞു: ഞങ്ങൾക്കെല്ലാം കാറുകളുണ്ട്. പക്ഷേ ഞങ്ങൾ ട്രാമിലും, ട്രയിനിലുമാണ് സന്ദർശിക്കുക. വിമാന യാത്രകൾ കഴിവതും ഒഴിവാക്കും. കാർബൺ ഫുട്ട് പ്രിന്റ് കുറയ്ക്കുവാൻ ഞങ്ങൾ ശ്രമിക്കും. എല്ലാ സഭകളിലും പരിസ്ഥിതി വകുപ്പ് പ്രവർത്തിക്കുന്നു. ഓരോ ഇടവകയും പരിസ്ഥിതി പ്രവർത്തനങ്ങൾക്ക് മുൻഗണ നൽകുന്നു. എന്നിട്ട് അവർ അത് പ്രസിദ്ധീകരിക്കുന്നു. കഴിഞ്ഞ വർഷത്തേക്കാളും പരിസ്ഥിതി സംരക്ഷണം ഭേദമായാണ് ഓരോ ഇടവകകളും ചെയ്തതെന്ന് പുസ്തകത്തിൽ നിന്നും വ്യക്തമാകുന്നു.

ഓരോ സഭയുടെയും കേന്ദ്രതലത്തിലുള്ള ചർച്ചകൾ കഴിയുമ്പോൾ അവർ നൽകുന്ന പുസ്തകങ്ങളെല്ലാം കൂടിയായപ്പോൾ എന്റെ പെട്ടി



റവ സുസന്നയുടെ ദേവാലയത്തിലെ ക്വയർ പരിശീലനം

യുടെ ഭാരം 25 കിലോയോളം ആയി. എടുത്തു കൊണ്ട് പോകുവാൻ പ്രയാസം. സഹായിക്കുവാൻ ആരേയും കിട്ടാനുമില്ല. മടങ്ങുന്ന ദിവസം സഭയുടെ ഓഫിസിൽ വച്ച് എനിക്ക് ഒരു പത്രസമ്മേളനവുമുണ്ട്. അതു കഴിഞ്ഞിട്ട് ട്രെയിനിൽ എനിക്ക് ഫ്രാൻക്ക്ഫെർട്ടിലെത്തിയിട്ടുവേണം ഫ്ളൈറ്റിൽ കയറുവാൻ. താമസിക്കുന്ന വീട്ടിൽ നിന്നും, ചാടുള്ള പെട്ടി റോഡിൽ കൂടി ഒരു ഫർലോങ്ങോളം ഉരുട്ടികൊണ്ട് പോയിട്ടുവേണം ട്രാമിൽ കയറുവാൻ. ട്രാമിൽ നിന്നിറങ്ങി വീണ്ടും ഒരു ഫർലോങ്ങോളം ഉരുട്ടികൊണ്ട് പോയാലെ സഭയുടെ ഓഫിസിലെത്തുകയുള്ളു. പത്രസമ്മേളനം കഴിഞ്ഞതിനു ശേഷം വീണ്ടും ഒരു ഫർലോങ്ങോളം റോഡിൽ കൂടി ഉരുട്ടി കൊണ്ട് പോകണം. പിന്നീട് വീണ്ടും ട്രാമിൽ കയറിയിട്ട് വേണം ട്രയിനിൽ കയറുവാൻ. എന്റെ സ്നേഹിതൻ കൂടിയായ പീറ്റർ എന്ന വൈദികനോട് ഇക്കാര്യം പറഞ്ഞു. ഒരു കാർ കിട്ടിയായിരുന്നെങ്കിൽ സൗകര്യമായിരുന്നു. പീറ്റർ പറഞ്ഞു; മാത്യു വിഷമിക്കേണ്ട, കാർ കിട്ടുവാൻ പ്രയാസമാണ്. പെട്ടി ഞാനെടുത്തു കൊള്ളാം. അതെനിക്ക് ഒരടിയായി.ഉടനെ ഞാൻ തന്നെ എടുത്തു കൊള്ളാമെന്ന് പറഞ്ഞു. പക്ഷേ, നേരം വെളുത്തപ്പോൾ ഒരു ബിഎംഡബ്ല്യൂയു കാർ ഞാൻ താമസിക്കുന്ന വീടിന്റെ മുമ്പിൽ വന്നു. ബിഷപ്പിന്റെ കാറാണ്. എന്റെ പെട്ടിയുമായി ബിഷപ്പിന്റെ കാർ സഭയുടെ ഓഫിസിന്റെ മുമ്പിലെത്തി. ബിഷപ്പിനെ കൊണ്ടു വരുവാൻ ഇനിയും ഈ കാർ പോകുമെന്ന് ഞാൻ കരുതി. അപ്പോൾ പീറ്റർ പറഞ്ഞു, ഞങ്ങളുടെ ബിഷപ്പ് ഓഫിസിൽ വരുന്നത് സൈക്കിളിലാണ്. ട്രാമിലും ട്രെയിനിലുമാണ് ബിഷപ്പ് യാത്ര ചെയ്യാറുള്ളത്. ഞങ്ങൾ



ബ്രെഡ് ഫോർ ദ് വേൾഡിന്റെ കാംപെയിൻ ഉദ്ഘാടനത്തിൽ
ഡോ.മാത്യു കോശിയുടെ പ്രസംഗം ജർമ്മൻ ഭാഷയിലേക്ക് തർജ്ജമ ചെയ്യുന്നു

കാർബൺ ഫുട്ട്പ്രിന്റ് കുറയ്ക്കുവാൻ കഴിയുന്നത്ര ശ്രമിക്കും. മറ്റ് വാഹന സൗകര്യങ്ങളില്ലാത്ത സ്ഥലങ്ങളിൽ മാത്രമേ ബിഷപ്പ് കാറിൽ യാത്ര ചെയ്യൂ. വായിച്ച പുസ്തകങ്ങൾ പിന്നീട് ഉപയോഗമില്ലായെങ്കിൽ വേണ്ടിയവർക്ക് കൊടുക്കും. പട്ടണത്തിൽ ഒരു ഗ്ളാസിട്ട അലമാരിയുണ്ട്. അവിടെ നമുക്ക് വേണ്ടാത്ത പുസ്തകങ്ങൾ അടുക്കി വെയ്ക്കും. ആർക്കെങ്കിലും വേണമെങ്കിൽ ആ പുസ്തകം അവിടെ നിന്ന് എടുക്കാം. നമുക്ക് ഉപയോഗമില്ലാത്തത് മറ്റൊരാൾക്ക് ഉപയോഗമാകുമെന്ന് അവർ കരുതുന്നു. ഒരു സഭയാണ് ഈ പദ്ധതി ക്രമീകരിച്ചിരിക്കുന്നത്.

**നിരായുധീകരണം**

ബാൽഡനിലെ സഭയ്ക്ക് -സമാധാനവുംനിരായുധീകരണവും- പ്രത്യേക ഡിപ്പാർട്ടുമെന്റായുണ്ട്. സഭയ്ക്കെന്താ ഇതിൽ കാര്യമെന്നാണ് എനിക്ക് തോന്നിയത്. ആ ഡിപ്പാർട്ട്മെന്റിനെ തലവനെ കണ്ടപ്പോൾ ഞാൻ വിശദമായി കാര്യങ്ങൾ അന്വേഷിച്ചു. ജർമ്മനിയിൽ അനവധി ആയുധ നിർമ്മാണ കമ്പനികളുണ്ട്. ആയുധ നിർമ്മാണ വില്പനയാണ് ജർമ്മനിയുടെ ഒരു വരുമാന മാർഗം. ഇന്ന് നടക്കുന്ന എല്ലാ തീവ്രവാദ ആക്രമണങ്ങളിലും പല വികസിത രാജ്യങ്ങളുടെയും ആയുധങ്ങളാണ് ഉപയോഗിക്കുന്നത്. ഇതെങ്ങെനെയാണ് അവരുടെ കൈവശമെത്തുന്നത് അത് ഉല്പാദിപ്പിച്ച രാജ്യക്കാർക്ക് പോലുമറിയില്ല. ജർമ്മനി വില്ക്കുന്ന ആയുധങ്ങൾ മറ്റ് രാജ്യങ്ങളിലെ ചെറിയ കമ്പനികൾ വാങ്ങി തീവ്രവാദ ഗ്രൂപ്പുകൾക്ക് കൊടുത്തെന്നിരിക്കാം. ഏകെ47 റൈഫിളുകൾ ഇന്ന് എല്ലാവരുടെയും കൈയിലുണ്ട്. റഷ്യ നിർമ്മിച്ച ഏകെ 47 ഇന്ന് പാക്കിസ്ഥാനിൽ കുടിൽ വ്യവസായം പോലെയാണ് ഉണ്ടാക്കുന്നത്. എല്ലാ തീവ്രവാദ ഗ്രൂപ്പുകൾക്കും ഇപ്പോൾ വളരെ എളുപ്പത്തിൽ ലഭിക്കുന്നു. ഇദ്ദേഹത്തിന്റെ ജോലി ജർമ്മനിയിലുള്ള ആയുധ കമ്പനികളുമായി സംസാരിച്ച് തങ്ങളുടെ ആയുധങ്ങൾ തീവ്രവാദികൾക്ക് ചെല്ലുന്നില്ലായെന്ന് ഉറപ്പാക്കുകയാണ്. സുതാര്യമായ ആയുധ ഇടപാടുകൾക്ക് ആയുധകമ്പനികളെ പ്രേരിപ്പിക്കുകയെന്നതാണ് ഈ വകുപ്പിന്റെ ചുമതല.

**ജർമ്മനിയിലെ ബിഷപ്പുമാർ**

സഭയുടെ ദൈനംദിന പ്രവർത്തനങ്ങളിൽ അധികാരം പ്രയോഗിക്കുന്നത് കാണുകയുണ്ടായില്ല. എല്ലാ കാര്യങ്ങൾക്കും പ്രത്യേക വകുപ്പുകളാണുള്ളത്. മൂന്നു നില കെട്ടിടത്തിൽ അനവധി മുറികളിലായിട്ടാണ് ഓഫീസ്. ഓരോ മുറിയിലും നാലഞ്ചു ജീവനക്കാർ. പ്രോട്ടസ്റ്റന്റ് അക്കാഡമിയിൽ വച്ച് മിഷൻ ഡിറക്റ്ററുടെ അദ്ധ്യക്ഷതയിൽ നടന്ന വാർഷിക അവലോകനയോഗത്തിൽ പ്രസംഗിക്കുവാനെനിക്ക് അവസരം ലഭിച്ചു. വിവിധ വകുപ്പുകളെ പ്രതിനിധീകരിച്ച് 26 പേർ പങ്കെടുത്ത സമ്മേളനം നിയന്ത്രിച്ചത് മിഷൻ ഡിറക്ടറായ ഒരു വൈദികനാണ്. ബിഷപ്പ് അങ്ങോട്ട് വന്നു പോലുമില്ല. കാലാവസ്ഥ ഉച്ചകോടി നടക്കുന്ന പാരിസിലേക്ക് ക്രൈസ്തവസഭകളുടെ നേതൃത്വത്തിൽ ഒരു മാർച്ച് സംഘടിപ്പിക്കുകയുണ്ടായി. കത്തോലിക്കാ പ്രോട്ടസ്റ്റന്റ് സഭകളിലെ വൈദികരും ബിഷപ്പും അത്മായക്കാരുമായി 36 പേർ ആ സംഘത്തിലുണ്ടായിരുന്നു. യാത്ര തുടങ്ങുന്നതിന് മുമ്പായി റയിൽവേ സ്റ്റേഷനിൽ വച്ച് സംഘാംഗങ്ങളെ പീറ്റർ അഭിസംബോധന ചെയ്തു. രണ്ടു ബിഷപ്പുമാരും സംഘത്തിലുണ്ട്. ഒരു പാട്ടു പാടി, വേദപുസ്തകത്തിൽ നിന്നും ഒരു വാക്യമെടുത്ത് പീറ്റർ രണ്ടു മിനിട്ട് പ്രസംഗിച്ചു. യാത്രയ്ക്ക് വേണ്ടി പ്രാർത്ഥിച്ചു. ബിഷപ്പ് ആശിർവ്വാദം പറഞ്ഞു. പാരിസിൽ നടന്ന ആരാധനയിൽ ബിഷപ്പ് പ്രസംഗിക്കുകയുണ്ടായി. ജർമ്മനിയിൽ ഭർത്താവിന്റെ പേര് സ്വന്തം പേരിനോടൊപ്പം ചേർക്കു



റവ സൂസന്നയുടെ ദേവലായത്തിൽ തൊണ്ണൂർ പേർ
പങ്കെടുക്കുന്ന ക്വയർ പരിശീലനം

ന്നവരും ഭാര്യയുടെ പേര് സ്വന്തം പേരിനോടൊപ്പം ചേർക്കുന്ന ഭർത്താക്കന്മാരും ഉണ്ട്. ബാൽഡനിലെ സഭയിലെ ബിഷപ്പ് പ്രഫ. ഡോ. ജോച്ചൻ കോർണോലിയോസ് ബൺഡ്ഷൂ, ഭാര്യയുടെ പേരായ ബൺഡ്ഷൂ സ്വന്തം പേരിന്റെ അവസാനം ചേർത്തിരിക്കുകയാണ്.



റവ ജോണി തോണിപ്പാറ

**വൈരുദ്ധ്യങ്ങൾ**

എന്നെ സ്വീകരിക്കുവാൻ വന്ന റവ പീറ്റർ എന്നെയും കൊണ്ട് ഏയർപോർട്ടിൽ നിന്ന് താഴത്തെ നിലയിലുള്ള റയിൽവേ സ്റ്റേഷനിലെ പ്ലാറ്റ്ഫോമിലൂടെ നടക്കുകയാണ്. എനിക്ക് തണുപ്പ് സഹിക്കാനാവാതെ വിറക്കുകയാണ്. പീറ്റർ പറഞ്ഞു : “മാത്യു, ഞാൻ ആദ്യമെ ഒരു കുമ്പസാരം നടത്തുകയാണ്. ജർമ്മനിയിലുള്ള വൈദികരിൽ ഒരു പങ്കു പുകവലിക്കുന്നവരാണ് ”. “ഹോ. അങ്ങനെയാണോ?” ഉടനെ പീറ്റർ പറഞ്ഞു:“ഞാനും അക്കൂട്ടത്തിൽ പെടുന്നയാളാ”. പുകവലിക്കുന്നതിന് മുമ്പുള്ള ജാമ്യമാണെന്ന് അപ്പോഴാണ് മനസ്സിലായത്. ഞാൻ ഒരു വൈദികനെ കണ്ടപ്പോൾ ചോദിച്ചു: “എന്തു കൊണ്ടാണ് ഇവിടെ നാല്പതു ശതമാനത്തോളം പേർ വിവാഹമോചിതരാകുന്നത് ”. “ഇവിടെ സ്ത്രീ സ്വതന്ത്രയാണ്. ചിലപ്പോൾ ഭർത്താവിനേക്കാൾ കൂടുതൽ ശമ്പളവും കാണാം. ഭർത്താവിനെ അനുസരിച്ച് ഭാര്യ ജീവിക്കില്ല. രണ്ടു പേരും വിട്ടുവീഴ്ചയക്ക് തയ്യാറായില്ലായെങ്കിൽ വിവാഹമോചനമാണ് നല്ലത്. നരകപൂർണ്ണമായ കുടുംബജീവിതം നയിക്കുന്നതിനേക്കാൾ നല്ലത് വിവാഹം വിടുവിക്കുന്നതല്ലേ? അത് അൽമായക്കാർ മാത്രമല്ല വൈദികർതന്നെ മൂന്നു വിവാഹമോചനം നേടിയവരുണ്ട്. ഞാനും ഇപ്പോൾ രണ്ടാമത്തെ ഭാര്യയുടെ കൂടെയാണ് താമസിക്കുന്നത്.” പാരിസിലേക്കുള്ള യാത്രയിൽ ഞങ്ങളുടെ സംഘത്തിലുണ്ടായിരുന്ന ഒരു സ്ത്രീ എന്റെയടുത്തു വന്നിരുന്നപ്പോൾ ഞാൻ പരിചയപ്പെട്ടു. സംസാരമദ്ധ്യേ അവർ പറഞ്ഞു. എനിക്ക് മൂന്നു മക്കളുണ്ട്. എന്റെ ഭർത്താവിനും മുന്നു മക്കളുണ്ട്. ഞങ്ങൾ ഒരുമിച്ച് ചേർന്നിരിക്കുന്നു.

**ഡോ.മാത്യു കോശി പുന്നയ്ക്കാട്**

## അറിയിപ്പ്

1) വ്യത്യസ്ത വീക്ഷണങ്ങൾ അവതരിപ്പിക്കുകയെന്നത് മാസികയുടെ പോളിസിയാണ്. ചിലത് പ്രകോപിപ്പിച്ചേക്കാം. സാധാരണ ക്രൈസ്തവ പ്രസിദ്ധീകരണങ്ങളിൽ വരാത്ത ശൈലിയാണ് ഞങ്ങൾ പിൻതുടരുന്നത്. വായനക്കാർക്ക് അഭിപ്രായ വ്യത്യാസങ്ങൾ ഉണ്ടാകാം. അത് ഞങ്ങളെ എഴുതി അറിയിക്കുക. വ്യക്തികളെ തേജോവധം ചെയ്യുന്നതല്ലായെങ്കിൽ അതും ഞങ്ങൾ പ്രസിദ്ധീകരിക്കും. ആരോഗ്യകരമായ ചർച്ചകൾക്ക് വേദിയൊരുക്കുകയെന്നതും ഞങ്ങളുടെ ലക്ഷ്യമാണ്. മാസികയിൽ പ്രസിദ്ധീകരിക്കുന്ന മാറ്ററുകളുടെ ഉത്തരവാദിത്തം അതെഴുതിയവർക്ക് മാത്രമാണ്. പുതിയതായി ഓരോ മാസവും വരിക്കാരാകുന്നവർക്ക് ഈ നയം അറിയുവാൻ പാടില്ലാത്തതിനാലാണ് ഈ വിവരം തുടർച്ചയായി പ്രസിദ്ധീകരിക്കുന്നത്.

2) സഭകളിൽ നടക്കുന്ന നൂതനവും സാമൂഹികപ്രതിബദ്ധതയുമുള്ള പരിപാടികളുടെ ഫോട്ടോകളും റിപ്പോർട്ടുകളും ഞങ്ങൾ പ്രസിദ്ധീകരിക്കും. താഴെക്കൊടുത്തിരിക്കുന്ന നമ്പറിൽ വിളിച്ചു ചോദിച്ചിട്ടു മാറ്ററും ഫോട്ടോയും അയക്കാവുന്നതാണ്. എല്ലാ സഭാവിഭാഗങ്ങളിലുമുള്ളവരും മറ്റ് മതവിഭാഗങ്ങളിലുള്ളവരും വായിക്കുന്ന മാസികയാണ് ന്യുവിഷൻ. കേരളത്തിലുള്ള എല്ലാ പൊതു വായനശാലകളിലും ന്യുവിഷൻ ലഭ്യമാണ്.

3) മാസിക ക്രമമായി ലഭിക്കുവാൻ വരിസംഖ്യ കൃത്യമായി അയച്ചു തരുമല്ലൊ. സാമ്പത്തിക ബുദ്ധിമുട്ടുള്ള സുവിശേഷകരുടെ താല്പര്യപ്രകാരമാണ് വരിസംഖ്യ 100 ആയി കവറിൽ അടിച്ചിരിക്കുന്നത്. മാസികയുടെ നടത്തിപ്പിന് ഒരു വർഷം ഏറ്റവും കുറഞ്ഞത് 250 രൂപായെങ്കിലും വരിസംഖ്യയായി ലഭിച്ചെങ്കിൽ മാത്രമേ കടമില്ലാതെ പ്രസിദ്ധീകരിക്കാനാവൂ. സന്മനസ്സുള്ള വരിക്കാർ 250 രൂപയോ അതിന് മുകളിലോ എല്ലാ വർഷവും തന്ന് സഹായിക്കണമെന്നഭ്യർക്കുന്നു. മാന്യ വായനക്കാരുടെ സഹകരണം പ്രതീക്ഷിക്കുന്നു.

4) കത്തുകളും പരാതികളും മാറ്ററുകളും എഡിറ്റർ, ന്യൂ വിഷൻ മാസിക, പുന്നയ്ക്കാട്, കോഴഞ്ചേരി 689652 എന്ന വിലാസത്തിലാണയക്കേണ്ടത്.

വരിസംഖ്യ/സംഭാവന **(Net banking -a/c No.67013367593** IFSC: SBTR0000471 **New Vision,SBT,Manganam)** തപാലിൽ **ചെക്കായി മാനേജർ, ന്യൂവിഷൻ, മുണ്ടകപ്പാടം മന്ദിരം, മാങ്ങാനം കോട്ടയം 18 എന്നവിലാസത്തിലയച്ചു** തന്ന് സഹായിക്കണമെന്നഭ്യർത്ഥിക്കുന്നു. ബാങ്ക് വഴി പണം അയക്കുന്നവർ വിവരം (sms to mobile 09847275754<name> <amount>) അറിയിക്കണമെന്ന് അപേക്ഷിക്കുന്നു.

ഡോ.മാത്യു കോശി പുന്നയക്കാട് (9847275754), മാനേജങ് എഡിറ്റർ & പബ്ലീഷർ, newvisionmagazine@gmail.com)



# വധശിക്ഷ
## ഒരു പുതിയ ചിന്ത



■ ജസ്റ്റിസ് കെ.റ്റി. തോമസ്

വധശിക്ഷ സംബന്ധിച്ച് ഞാൻ നടത്തിയിട്ടുള്ള പല പ്രഭാഷണങ്ങളിലും, എഴുതിയിട്ടുള്ള പല ലേഖനങ്ങളിലും വധശിക്ഷ പൂർണമായും നിറുത്തലാക്കണമെന്നുള്ള എന്റെ അഭിപ്രായം കാര്യകാരണസഹിതം പ്രകടിപ്പിച്ചിട്ടുണ്ട്. വധശിക്ഷകൊണ്ട് ക്രിമിനൽ നീതിശാസ്ത്രത്തിൽ ശിക്ഷയെപ്പറ്റി പ്രതിപാദിക്കുന്ന ലക്ഷ്യങ്ങളിലെ ഏറ്റം ഉന്നതമായ ലക്ഷ്യങ്ങൾ ഒന്നും നേടാനാവുകയില്ല എന്നുള്ള എന്റെ സുചിന്തിതമായ അഭിപ്രായമാണ് ഞാൻ പറഞ്ഞിട്ടുള്ള്. എങ്കിലും ഡിസ്ട്രിക്റ്റ് സെഷൻ ജഡ്ജ് എന്നതു മുതൽ സുപ്രീംകോടതി ജഡ്ജി സ്ഥാനം വരെയുള്ള എന്റെ ന്യായധിപ കാലഘട്ടത്തിൽ വിരളമായിട്ടാണെങ്കിലും ചിലരെ വധശിക്ഷക്ക് വിധിക്കേണ്ടി വന്നിട്ടുണ്ട്. അപ്രകാരം വിധിക്കേണ്ടി വന്നത് ന്യായാധിപ സ്ഥാനത്തേക്കു പ്രവേശിച്ചപ്പോൾ മൂന്നു തലങ്ങളിൽ ഞാൻ ചെയ്ത സത്യപ്രതിജ്ഞയിൽ എന്റെ വ്യക്തിപരമായ കാഴ്ചപ്പാടുകൾക്കതീതമയി നിയമം നടപ്പിലാക്കിക്കൊള്ളാമെന്ന് ദൈവനാമത്തിൽ സത്യം ചെയ്തിരുന്നതുകൊണ്ടാണ്. അതിൽ ഏറ്റവും ഒടുവിൽ രാജീവ്ഗാന്ധി വധക്കേസിലെ ഇരുപത്തിയാറു പ്രതികളെയും സെഷൻ കോടതി വധശിക്ഷക്കു വിധിച്ചതിന്മേൽ ഉണ്ടായ അപ്പീൽ സുപ്രീംകോടതിയിൽ വാദം കേട്ട മൂന്നംഗ ബഞ്ചിലെ സീനിയർ ജഡ്ജ് എന്നതിലേക്ക് എന്റെ സഹ ജഡ്ജിമാർ നാലു പേരെ വധശിക്ഷക്കു വിധിച്ചപ്പോൾ മൂന്നുപേരുടെ കാര്യത്തിൽ എനിക്കും യോജിക്കേണ്ടിവന്നു. (ആ നാലു പേരിൽ ഒരാളായ നളിനി എന്ന സ്ത്രീക്ക് വധശിക്ഷ നൽകുന്നതിനോട് ഞാൻ വിയോജിച്ച് വേറെ വിധിന്യായം എഴുതിയത് പിൽക്കാലത്ത് നിയമവൃത്തങ്ങളിലെ ചർച്ചാ വിഷയമായി മാറി.

വധശിക്ഷ സംബന്ധിച്ചുള്ള ഇൻഡ്യൻ നിയമം ഇപ്പോൾ 1983-ലെ സുപ്രീംകോടതിയിടെ അഞ്ചംഗബഞ്ച് പുറപ്പെടുവിച്ച ഭൂരിപക്ഷ വിധിപ്രകാരമുള്ളതാണ് (ബച്ചൻസിംഗ് കേസ്) അപൂർവ്വങ്ങളിൽ അത്യപൂർവമായ കേസുകളിൽ മാത്രം അതിന്റെ തൊട്ടടുത്ത പക്ഷാന്തര ശിക്ഷയായ ജീവപര്യന്തം തടവ് എന്നത് നിർവിവാദമായ തരത്തിൽ അപര്യാപ്തമായതുകൊണ്ട് ഒഴിവാക്കപ്പെടേണ്ട സാഹചര്യത്തിൽ മാത്രം വധശിക്ഷ വിധിക്കുന്നതായാൽ അത് ഭരണഘടനയുടെ 21-ാം വകുപ്പിന് വിരുദ്ധമാവുകയില്ല എന്നതാണ് ആ വിധിക്കു സാരം. അതിനോടു വിയോജിച്ചുകൊണ്ട് ജസ്റ്റിസ് പി.എൻ. ഭഗവതി നിരത്തിയ ന്യായങ്ങളുടെ കരുത്തും യുക്തിയും എന്നെ വളരെയധികം സ്വാധീനിച്ചിട്ടുണ്ടെങ്കിലും ഭൂരിപക്ഷ വിധി നിലനിൽക്കുന്നിടത്തോളം ഒരു ന്യായധിപൻ എന്ന നിലക്ക് മറിച്ച് ചെയ്യാൻ എനിക്കു സാധിക്കുമായിരുന്നില്ല.

ബച്ചൻസിംഗ് കേസിലെ ഭൂരിപക്ഷ വിധി സുപ്രിംകോടതിയുടെ കുറെക്കൂടി വിപുലമായ അംഗസംഖ്യയുള്ള ബഞ്ച് പുനഃപരിശോധനക്ക് വിധേയമാക്കേണ്ടതുണ്ടെന്ന് പല പ്രസംഗങ്ങളിലും, ലേഖനങ്ങളിലും ഞാൻ അഭിപ്രായം പ്രകടപ്പിച്ചുകൊണ്ടിരിക്കുന്നു. ഏതൊരു ശിക്ഷയുടെയും ലക്ഷ്യങ്ങൾ ശിക്ഷാധർമ്മശാസ്ത്ര പ്രകാരം നാലെണ്ണമാണ്. Retribution (പ്രതികാരം), Rehabilitation(പുനരധിവാസം) Reformation (സ്വഭാവരൂപാന്തരം വരുത്തുക) Deterrance (ശിക്ഷയെപ്പറ്റിയുള്ള ഭയം കൊണ്ട് കുറ്റങ്ങൾ തടയുക) ഇവയിൽ ആദ്യത്തേത് പ്രാകൃത ചിന്താഗതി ആയതുകൊണ്ട് പരിഷ്കൃത ലോകത്തിനു സ്വീകാര്യമല്ലെന്ന് ഭൂരിപക്ഷം നിയമ വിശാരദരും അഭിപ്രായപ്പെടുന്നു. രണ്ടാമത്തേതും, മൂന്നാമത്തേതും വധശിക്ഷ നടപ്പിലാക്കുന്നതോടുകൂടി അപ്രസക്തമാകുകമല്ലോ. നാലാമത്തോത് വധശിക്ഷയിൽ സംഗതമാണെങ്കിലും ജീവപര്യന്തം തടവുശിക്ഷയേക്കാൾ വധശിക്ഷകൊണ്ട് കൂടുതൽ deterrance ഉണ്ടാകുമെന്നുള്ള ധാരണ വെറും മിഥ്യയാണെന്ന് ആധുനിക നിയമ വിശാരദർ തെളിയിച്ചിട്ടുണ്ട്, അതിലേക്ക് അവർ പല സ്ഥിതിവിവര കണക്കുകളും മുന്നോട്ട് കൊണ്ടുവന്നിട്ടുണ്ട്.

അതേസമയം വധശിക്ഷ കൊണ്ടുള്ള ദോഷഫലങ്ങൾ വളരെ ഏറെയാണ്. മുമ്പുപറഞ്ഞ രണ്ടു ലക്ഷണങ്ങൾ അപ്രസക്തമാകുന്നു എന്നതു കൂടാതെ വധശിക്ഷ വിധിച്ച ചില കേസ്സുകളിലെങ്കിലും പിൽക്കാലത്ത് ആ കേസിലെ പ്രതി നിഷ്കളങ്കനായിരുന്നു എന്ന് ബോദ്ധ്യപ്പെട്ട സംഭവങ്ങൾ നിയമ ചരിത്രത്തിൽ മായിക്കപ്പെടാതെ കിടപ്പുണ്ട്. അങ്ങനെയുള്ള കേസുകൾ നിയമ സംവിധാനത്തിനു ഏൽപ്പിച്ചിട്ടുള്ള ആഘാതം അപരിഹാര്യമായി നിലനിൽക്കുന്നു. മറ്റൊരു ദോഷം ശിക്ഷ വിധിച്ചു കഴിഞ്ഞാൽ ശിക്ഷിച്ചതു തെറ്റിപ്പോയി എന്ന് പിന്നീട് ബോദ്ധ്യപ്പെടുന്ന സന്ദർഭങ്ങളിൽ അതു തിരുത്താൻ സാധിക്കാത്ത തരത്തിലുള്ള ഒരു വിധിയും മനുഷ്യ കോടതികൾ നൽകാൻ പാടില്ലെന്നുള്ളത് നിയമ സംവിധാനത്തിൽ ഒരു പരിരക്ഷാ കവചമാകേണ്ടതാണ്. അങ്ങനെയാണെങ്കിൽ വധശിക്ഷ നിയമ സംവിധാനത്തിലെ ആപൽക്കരമായ ഒരു അനാവശ്യമാണ്.

എന്നാൽ വധശിക്ഷ നിറുത്തലാക്കണമെന്നുള്ള എന്റെ നിലപാടു സംബന്ധിച്ച് ഏതു വാദപ്രതിവാദ യോഗത്തിലും സംസാരിക്കാമെന്നുള്ള എന്റെ ഉപരി വിശ്വാസത്തിന് ഒരു ഇടിവു തട്ടിയത് എന്റെ മൂത്ത പുത്രൻ (Dr. Binu Pratap Thomas, CMC-Vellore) ഈ കാര്യത്തിന് ഒരു മറുപുറം ചൂണ്ടിക്കാണിച്ചപ്പോഴാണ്. അവൻ എന്നോടു ചോദിച്ചത് ഇപ്രകാരമാണ്. വധശിക്ഷക്കു വിധിക്കപ്പെട്ടയാൾ വിദേശ ശത്രുരാജ്യവുമായി ബന്ധമുള്ള ഒരു ഭീകരനാണെങ്കിൽ അയാളുടെ ശിക്ഷ ജീവപര്യന്തമായി താഴ്ത്തുന്ന പക്ഷം അയാളെ ഏറ്റവും വലിയ സുരക്ഷാ ക്രമീകരണങ്ങൾക്ക് വിധേയനാക്കേണ്ടതിന് നമ്മുടെ ഖജനാവിലെ ഭീമമായ സംഖ്യ ഓരോ വർഷവും ചെലാവക്കേണ്ടിവരും. അത് അയാൾ ജീവിച്ചിരിക്കുന്ന ദീർഘമായ കാലം വരെ തുടരേണ്ടതുമാണല്ലോ. ഇത് ബുദ്ധിപൂർവ്വമാണോ? എന്റെ മകൻ ചോദിച്ച രണ്ടാമത്തെ ചോദ്യം ഇതാണ്. അങ്ങനെയുള്ള ഒരു തടവുകാരനെ രക്ഷപ്പെടുത്തി എടുക്കുന്നതിനു വേണ്ടി വിദേശബന്ധമുള്ള തീവ്രവാദികൾ വീണ്ടും കണ്ടഹാർ പോലുള്ള വിമാന റാഞ്ചൽ സംഭവങ്ങൾ ആവർത്തിച്ചാൽ അയാളെ വിട്ടുകൊടുക്കേണ്ടി വരില്ലേ? (കാഷ്മീരിലെ ഭീകര പ്രവർത്തനങ്ങളിൽ പിടിക്കപ്പെട്ട ചില കൊടുംകുറ്റവാളികളെ ഇൻഡ്യയുടെ ഏറ്റവും ഭദ്രതയുള്ള തടവറയിൽ അനേക കോടി രൂപ ചെലവാക്കി സൂക്ഷിച്ചിരുന്ന കാലത്താണല്ലോ 200-ൽ പരം യാത്രക്കാരുമായി പറന്ന ഒരു ഇൻഡ്യൻ വിമാനം ഭീകരവാദികൾ റാഞ്ചിക്കൊണ്ട് അഫ്ഗാനിസ്ഥാനിലെ കണ്ടഹാർ എന്ന സ്ഥലത്ത് എത്തിച്ച സംഭവം ഉണ്ടായത്. തടവറയിലുള്ള ഭീകരരെ വിട്ടുതരിക മാത്രമല്ല അനേകായിരം കോടി ഡോളർ നിരതദ്രവ്യമായി തന്നില്ലെങ്കിൽ നിഷ്കളങ്കരായ മുഴുവൻ വിമാനയാത്രക്കാരേയും വിമാനത്തോടു കൂടി ബോംബിട്ടു നശിപ്പിക്കുമെന്നു പുറപ്പെടുവിച്ച് ഭീഷണിയുടെ മുമ്പാകെ ഇൻഡ്യാ ഗവൺമെന്റിനു ഗത്യന്തരമില്ലാതെ കീഴടങ്ങിക്കൊടുക്കേണ്ടി വന്ന സംഭവം)

മേൽപ്പറഞ്ഞ രണ്ടു ചോദ്യങ്ങളും എന്റെ മനസ്സിൽ പല ഉപചോദ്യങ്ങളും ഉയർത്തി കസബ് എന്ന ഭീകരനും, യാക്കൂബ് മേമൻ എന്ന ഭീകരനും പാക്കിസ്ഥാന്റെ കരുത്തേറിയ പിൻബലത്തിൽ ബോംബെ നഗരത്തിൽ നടത്തിയ മനുഷ്യ കുരുതിയിൽ മരിച്ചവരും ഗുരുതരമായി പരുക്കേറ്റവരും അനാഥരാക്കപ്പെട്ടവരും എത്രയെന്ന് കൃത്യമായി തിട്ടപ്പെടുത്തിയിട്ടില്ല. അവരുടെ മേൽ ചാർജ് ചെയ്ത കുറ്റകൃത്യങ്ങൾ സംശയാതീതമായി തെളിയിക്കപ്പെട്ടുവെന്ന് പരമോന്നത കോടതിവരെയുള്ള ന്യായപീഠങ്ങൾക്ക് ബോദ്ധ്യമായതിനെത്തുടർന്നു അവർക്കു നൽകിയ വധശിക്ഷ ജീവപര്യന്തം തടവാക്കി മാറ്റണമെന്ന് ഇൻഡ്യയിൽ ചില ബുദ്ധിജീവികൾ അടക്കം പലരും ആവശ്യപ്പെട്ട പശ്ചാത്തലത്തിലാണ് മേൽപ്പറഞ്ഞ ചോദ്യങ്ങൾ എന്നെ അലട്ടിയത്. അവരെ വധശിക്ഷയിൽ നിന്നും ഒഴിവാക്കി ജീവപര്യന്തം തടവിൽ ഇട്ടിരുന്നെങ്കിൽ നമുക്കു വേണ്ടിവരുന്ന ഭീമമായ ചെലവിന് പുറമെ പാക്കിസ്ഥാൻ ബന്ധമുള്ള മറ്റു ഭീകരർ അവരെ രക്ഷപ്പെടുത്തുന്നതിനു എന്തെല്ലാം മാർഗങ്ങൾ അവലംബിക്കാനിടയുണ്ടെന്നുള്ളത് എന്റെ മനസിൽകൂടി കടന്നുപോയി. ഒരു പക്ഷെ കണ്ടഹാർ സംഭവത്തിനുശേഷം വിമാനറാഞ്ചൽ പ്രതിരോധിക്കാനുള്ള സംവിധാനങ്ങൾ നമുക്കു നേടാൻ സാധിച്ചെന്നുവരും. എന്നാൽ നിറയെ യാത്രക്കാരെ കൊണ്ടുപോകുന്ന ഒരു ബസ് അല്ലെങ്കിൽ ഒരു ബോട്ട് എന്നിവയാണ് ഭീകരർ ലക്ഷ്യമിടുന്നതെങ്കിലോ? ആയിരത്തിൽപ്പരം പിഞ്ചുകുഞ്ഞുങ്ങൾ പഠിക്കുന്ന ഒരു സ്കൂൾ തന്നെ ഇവർ ആർഡിഎക്സ് RDX ബോംബുമായി വളയുകയും തടവിലുള്ള ചില ഭീകരരെ വിട്ടുതന്നില്ലെങ്കിൽ മുഴുവൻ കുഞ്ഞുങ്ങളേയും ബോംബിങിനു ഇരയാക്കുമെന്ന് ഭീഷണിപ്പെടുത്തിയാൽ എന്തുണ്ടാകും? എല്ലാ ബസുകളും എല്ലാ ബോട്ടുകളും എല്ലാ സ്കൂളുകളും എത്രകാലം ഗവൺമെന്റിനു പ്രതിരോധിച്ചുകൊണ്ടിരിക്കാൻ സാധിക്കും.

മേൽപ്പറഞ്ഞ ഘട്ടങ്ങളിൽ വധശിക്ഷ നടപ്പിലാക്കാതിരിക്കുന്നതുകൊണ്ട് വരാനിടയുള്ള ഗുരുതരമായ പ്രത്യാഘാതങ്ങൾ എന്റെ മനസ്സിൽ വരുന്നതുകൊണ്ട് അങ്ങനെയുള്ള സാഹചര്യങ്ങളിൽ മാത്രം വധശിക്ഷ സ്വീകരിക്കേണ്ടത് രാജ്യത്തിന്റെയും പൗരന്മാരുടെയും രക്ഷയ്ക്ക് ആവശ്യമായി ഞാൻ കാണുന്നു. അതുകൊണ്ട് വധശിക്ഷ പൂർണ്ണമായും നിറുത്തലാക്കണമെന്നുള്ള പുതിയ ചിന്ത എന്നിൽ ബലപ്പെട്ടു വരുന്നു.

ഈ ചിന്തക്ക് അനുകൂലമായി ഇൻഡ്യൻ ശിക്ഷാ നിയമത്തിൽ ഒരു ന്യായശാസ്ത്രമുള്ളത് സ്വയരക്ഷ എന്ന അവകാശം


*ശേഷം 15-ാം പേജിൽ*

# ഡോ. ബാബു പോൾ അൾത്താരബാലൻ

■ എസ്. മഞ്ജുളാദേവി

1946ൽ അഞ്ചു വയസുള്ള കൊച്ചു ബാബുപോൾ അൾത്താരബാലന്റെ ളോഹയണിഞ്ഞ് മണർകാട് പള്ളിയിൽനിന്ന് ഭരണാധികാരികൾക്കുള്ള മൂന്നാമത്തെ തുബദേൻ ചൊല്ലിയപ്പോൾ ശ്വാസമടക്കിപ്പിടിച്ചുനിന്നു നൂറുകണക്കിനു വിശ്വാസികൾ...... ആ നിശബ്ദതയുടെ ആഴം കുട്ടിയായ ബാബുപോൾ അറിഞ്ഞില്ലെങ്കിലും കണ്ടു നിന്ന ബാബു പോളിന്റെ പിതാവിന്റെ കണ്ണുകൾ സന്തോഷം കൊണ്ടു നിറഞ്ഞിരുന്നു.

എഴുപതു വർഷങ്ങൾക്കു ശേഷം അതായതു 2015 സെപ്റ്റംബർ എട്ടിനു തിരുവനന്തപുരത്തെ സെന്റ് പീറ്റേഴ്സ് കത്തീഡ്രലിലെ അൾത്താരയിൽ നിന്നു ഭരണാധികാരികൾക്കുള്ള മൂന്നാം തുബദേൻ ചൊല്ലുമ്പോൾ കേരളത്തിന്റെ മുൻ ഓംബുഡ്സ്മാന്റെ കണ്ണിൽനിന്നു കണ്ണുനീർ ഒഴുകുകയായിരുന്നു.



ഭക്തിയുടെ നിറസായൂജ്യത്തിന്റെ കണ്ണുനീർ. ദൈവം അൾത്താരശുശ്രൂഷകനായി തന്നെ നിയോഗിച്ചതുകൊണ്ടുമാത്രം, എഴുപതു വർഷം പൂർത്തീകരിക്കാൻ സാധിച്ചതിന്റെ ആനന്ദക്കണ്ണീർ – ആത്മസമർപ്പണത്തിന്റെ നിറകണ്ണുനീർ. കഴിഞ്ഞ 70 വർഷക്കാലമായി അൾത്താരയിൽ ളോഹയണിഞ്ഞുനിന്നു ധൂപം വീശുകയും പ്രാർത്ഥന ചൊല്ലുകയും ചെയ്യുകയാണ് ഡോ.ഡി. ബാബുപോൾ. അഞ്ചുവയസിൽ മണർകാട് പള്ളിയിൽ തുടക്കം. അഞ്ചുവയസ്സ് എന്ന ചെറുപ്രായത്തിൽ അൾത്താരബാലനാകുന്നവർ നന്നേ ചുരുക്കം. അങ്ങനെ ഉണ്ടായാൽത്തന്നെ അവർ ഈ ചുമതല പലപ്പോഴും തുടരാറില്ല. വിദ്യാഭ്യാസം, ഉദ്യോഗം, വൈവാഹികജീവിതം അങ്ങനെയുള്ള ജീവിതവ്യാപാരങ്ങളിൽ മുഴുകുന്നവർക്ക് അൾത്താരബാലനായി തുടരാൻ പലപ്പോഴും സാധിക്കാറില്ല. ഇവിടെയാണ് ഡോ.ഡി. ബാബു പോൾ എന്ന അൾത്താര ബാലന്റെ പ്രസക്തിയും ജീവിതധന്യതയും.

ജീവിതത്തിലെ എല്ലാ വേഷങ്ങൾക്കൊപ്പം അദ്ദേഹം പ്രാർത്ഥനാശുശ്രൂഷ തുടരുന്നു. എൻജിനിയറായി, അധ്യാപകനായി, ഐഎഎസുകാരനായി, കളക്ടറായി, കളക്ടർമാരുടെ മേലധികാരിയായ റവന്യൂ ബോർഡ് അംഗമായി, അഡീഷണൽ ചീഫ് സെക്രട്ടറിയായി, ഹൈക്കോടതി ജഡ്ജിയുടെ സ്ഥാനമുള്ള ഓംബുഡ്സ്മാനായി, കുടുംബനാഥനായി, അപ്പോഴെല്ലാം പരിശുദ്ധമായ ഈ കുപ്പായവും മാറാതെ നിന്നു.

ഔദ്യോഗിക മണ്ഡലത്തിൽ ഉന്നതപദവി അലങ്കരിക്കുമ്പോഴും അൾത്താര ബാലനായി സേവനമനുഷ്ഠിച്ചിരുന്ന രണ്ടുപേരേ പ്രധാനമായും കേരളത്തിലുള്ളൂ. തിരുവിതാംകൂർ ഹൈക്കോടതിയിലെ ജസ്റ്റീസ് കെ.കെ. ലൂക്കോസ്, പിന്നെ കേന്ദ്രമന്ത്രിയും അംബാസ

ഡറുമായിരുന്ന എം. എം. തോമസും, അവർക്കു പക്ഷേ, ഡോ. ബാബു പോളിന്റെ അത്രയും ദീർഘാവസരം ലഭിച്ചിട്ടില്ല. (ജസ്റ്റീസ് കുര്യൻ ജോസഫ് ഒരിടക്കാലത്ത് അൾത്താരബാലനായിരുന്നിട്ടുണ്ട്).

ലോകത്തുതന്നെ നീണ്ട കാലം അൾത്താരബാലനാകുന്ന ഏക ഐഐഎസുകാരനാകും ഒരു പക്ഷേ ഡോ. ഡി. ബാബു പോൾ. ദൈവം പ്രാർത്ഥനാശുശ്രൂഷയ്ക്കായി തന്നെ ഇരുകൈകളും നീട്ടി സ്വീകരിച്ചതുകൊണ്ടു മാത്രമാണ് ഏഴു പതിറ്റാണ്ടുകൾ തുടരാൻ കഴിഞ്ഞതെന്നു വിശ്വസിക്കുന്നു ബാബു പോൾ. ദൈവം തള്ളിക്കളഞ്ഞിരുന്നെങ്കിൽ ഒരു ദിവസം പോലും ദിവ്യമായ ഈ കർമ്മം അനുഷ്ഠിക്കാൻ കഴിയുമായിരുന്നില്ലെന്നും - കേരളത്തിന്റെ ഭരണചക്രം തിരിച്ച അദ്ദേഹത്തിന്റെ വാക്കുകൾ.

പഴയ കാലത്ത് കപ്യാരുടെ പണിയല്ലേ എന്നു കരുതി ശുശ്രൂഷയിൽ നിന്നു പിന്നിലേക്കു വലിഞ്ഞ ബുദ്ധിജീവികളും ഉദ്യോഗസ്ഥരും ധാരാളമായിരുന്നു. എന്നാൽ, ഇന്ന് അൾത്താരബാലന്മാരായി വരുന്നവരിൽ എല്ലാവരും അഭിമാനം കൊള്ളുന്നു. ഡോക്ടർമാരും എൻജിനിയർമാരും ശാസ്ത്രജ്ഞരും ഉന്നത ബിരുദധാരികളും ഈ ഗണത്തിൽപ്പെടുന്നു. ഇവർക്കു മാതൃകയായത് ഡോ. ബാബു പോൾ ആണെന്നു നിസംശയം പറയാം.

**ആ അനുഭവങ്ങളിലൂടെ**

ഞാൻ അൾത്താരയുടെ ആദ്യവട്ടം കയറുന്നത് അഞ്ചാമത്തെ വയസ്സിലാണ്. 1946 സെപ്റ്റംബർ എട്ടിന്. അതിന്റെ പശ്ചാത്തലം ആദ്യം പറയാം. കേരളത്തിൽ അന്നു നിലവിലുള്ള രണ്ടു ബിഷപ്പുമാരെ കൂടാതെ സിറിയൻ ഓർത്തഡോക്സ് സഭ രണ്ടു പുതിയ മെത്രാന്മാരെക്കൂടി വാഴിച്ച സമയം. വിദേശത്തു നിന്നു സ്ഥാനമേറ്റു വന്ന മെത്രാന്മാരായ ഗ്രിഗോറിയോസ് തിരുമേനിക്കും സേവറിയസ് തിരുമേനിക്കും മണർകാട് ഒരു വലിയ സ്വീകരണം നൽകി. കന്യാമറിയത്തിന്റെ പ്രധാന തീർത്ഥാടനകേന്ദ്രമായ മണർകാട് പള്ളിയിലായിരുന്നു അത്. പള്ളിയിൽ നൽകിയ സ്വീകരണം ഏറ്റുവാങ്ങാൻ എത്തിയ മെത്രാന്മാരിൽ ഒരാളായ ഗ്രിഗോറിയോസ് തിരുമേനി എന്റെ അപ്പന്റെ (പി.എ. പൗലോസ് കോർ എപ്പിസ്കോപ്പ) സഹപാഠി കൂടിയായിരുന്നു. അതിനാൽ അദ്ദേഹം തലേന്നാൾ തന്നെ ഞങ്ങളുടെ വീട്ടിലെത്തി. ഞങ്ങൾ ഒന്നിച്ചു മണർകാട്ടേക്കു പുറപ്പെട്ടു. അന്നു രാത്രി ഒരേ മുറിയിൽ മെത്രാനോടൊപ്പം അപ്പനും ഞാനും ഉറങ്ങിയതും ഓർമിക്കുന്നു.

**പട്ടം മെത്രാന്റെ കൈപിടിച്ച്**

മാതാവിന്റെ പെരുന്നാൾശുശ്രൂഷ നടക്കുന്ന പുണ്യദിനത്തിലായിരുന്നു എന്റെ ആദ്യ അൾത്താര പ്രവേശം. സാധാരണ അൾത്താര ബാലനെ ആദ്യവട്ടം കയറ്റാൻ കോർ എപ്പിസ്കോപ്പ മതിയാകും. ബിഷപ്പ് ഉണ്ടെങ്കിൽ സവിശേഷമാണ് എന്നു മാത്രം. ഇവിടെ ഞാൻ ആദ്യമായി അൾത്താരശുശ്രൂഷയ്ക്കു കയറിയപ്പോൾ എന്നോടൊപ്പം മൂന്നു ബിഷപ്പുമാരുണ്ടായിരുന്നു. ഗ്രിഗോറിയോസ് തിരുമേനി, സേവറിയോസ് തിരുമേനി, പിന്നെ മീഖായേൽ ദീവന്നാസിയോസ് തിരുമേനി. അങ്ങനെ മൂന്നു മെത്രാന്മാർ ചേർന്ന് അനുഗ്രഹിച്ച് അൾത്താരബാലനാകാനുള്ള ഭാഗ്യം എനിക്കു ദൈവം കനിഞ്ഞു നൽകി.

പള്ളിമണികൾ മുഴങ്ങുന്നതും ധൂപത്തിന്റെ ദിവ്യഗന്ധവും അതിനു നടുവിൽ അൾത്താരബാലന്റെ ളോഹയണിഞ്ഞു നിൽക്കുന്ന എന്റെ രൂപവും മങ്ങിയ ഓർമയായി ഇന്നും ഉള്ളിലുണ്ട്. അൾത്താരയിലേക്കു നീങ്ങുന്ന പട്ടം മെത്രാന്റെ കൈപിടിച്ച് കയറുന്നതും ഓർമയുണ്ട്. സാധാരണ അൾത്താരബാലൻ ആദ്യദിവസം തന്നെ പ്രാർത്ഥന ചൊല്ലാറില്ല. ചടങ്ങിനുശേഷമാവും മിക്കവാറും കുട്ടികൾ പ്രാർത്ഥന പഠിക്കുന്നതു തന്നെ. എന്നാൽ, എന്റെ അപ്പൻ എന്നെ പ്രാർത്ഥന നേരത്തേതന്നെ പഠിപ്പിച്ചിരുന്നു. അപ്പന്റെ ദീർഘവീക്ഷണംകൊണ്ടു തന്നെ അൾത്താര കയറിയ ദിവസം ചെറിയ പ്രാർത്ഥന ഭക്തിയോടെ ചൊല്ലാൻ എനിക്കു സാധിച്ചു.

തീരെ ചെറിയ കുട്ടി പ്രാർത്ഥന ചൊല്ലുന്നതുകൊണ്ടാവണം ഞാൻ പ്രാർത്ഥന ചൊല്ലിയ സമയത്തു പള്ളിയിൽ പൂർണ്ണനിശബ്ദതയായിരുന്നുവെന്നു അപ്പൻ പറഞ്ഞു കേട്ടിട്ടുണ്ട്. കപ്യാരുടെ ചുമതലയാണ് അൽത്താരബാലൻ നിർവഹിക്കേണ്ടത്. കോർ എപ്പിസ്കോപ്പയായിരുന്ന അപ്പൻ തന്നെ എന്നെ അവയെല്ലാം പഠിപ്പിച്ചു. കുട്ടിക്കാലം മുതൽ അൾത്താരശുശ്രൂഷ എനിക്കേറെ പ്രിയപ്പെട്ടതായി.

ഞങ്ങളുടെ ഇടവകപള്ളിയിൽ അന്നു വീഞ്ഞില്ല. ഉണക്കമുന്തിരി തലേന്നാൾ വെള്ളത്തിലിട്ട് കുതിർത്താണ് കുർബാനയ്ക്കുള്ള വീഞ്ഞ് ഉണ്ടാക്കിയിരുന്നത്. അതുപോലെ അതതു ദിവസത്തെ അപ്പം അന്നുതന്നെയാണ് ഉണ്ടാക്കുക. കപ്യാരുടെ ചുമതലയിലാവും ഇതൊക്കെ തയ്യാറാക്കുക. എന്നാൽ അൾത്താരബാലൻ എന്ന നിലയ്ക്കു ഞാനും സഹായിയായി കൂടുമായിരുന്നു.

കുട്ടിയായിരിക്കുമ്പോൾ അണിഞ്ഞ ഈ അൾത്താരശുശ്രൂഷകന്റെ ളോഹ പിന്നീട് ഞാൻ ഊരിവച്ചിട്ടില്ല. സ്കൂൾ, കോളേജ്, എൻജിനിയറിംങ് കോളേജ്.... അങ്ങനെ നീളുന്ന ജീവിതത്തിലെ വിദ്യാഭ്യാസപടവുകളിൽ ഈ ശുശ്രൂഷകവേഷം എന്നോടൊപ്പമുണ്ടായിരുന്നു.

ഒരു വൈദികപാരമ്പര്യമുള്ള കുടുംബമാണ് ഞങ്ങളുടേത്. എന്റെ അപ്പൻ കോർ എപ്പിസ്കോപ്പയായിരുന്നുവെന്നു പറഞ്ഞുവല്ലോ. അമ്മയുടെ കാരണവന്മാരിൽ ഒരാൾ മെത്രാപ്പോലീത്തയായിരുന്നു.

19-ാം നൂറ്റാണ്ടു കാലത്ത്

ജീവിച്ചിരുന്ന അദ്ദേഹം ദിവാന്നാസിയോസ് മൂന്നാമൻ എന്നാണ് അറിയപ്പെട്ടിരുന്നത്. മറക്കുവാൻ കഴിയാത്ത ഒട്ടേറെ അനുഭവങ്ങൾ ഈ എഴുപതാണ്ടുകൾ എനിക്കു സമ്മാനിച്ചിട്ടുണ്ട്.

ഗവൺമെന്റ് സെക്രട്ടറിയായിരുന്ന കാലത്ത് ഒരു പുരോഹിതൻ എന്റെ ഓഫീസിൽ ഏതോ കാര്യസാധ്യത്തിനായി എത്തി. നിയമപരമായി അതിൽ ചില പ്രശ്നങ്ങൾ ഉണ്ടായിരുന്നതിനാൽ അല്പം മുഷിവോടെ പെരുമാറേണ്ടതായി വന്നു. അടുത്തദിവസം ഞായറാഴ്ചയായിരുന്നു. പതിവുപോലെ അൾത്താരയിൽ ശുശ്രൂഷകന്റെ കുപ്പായമണിഞ്ഞ് എത്തിയ എന്റെ മുന്നിൽ തലേദിവസം ഓഫീസിൽ വന്ന അതേ പുരോഹിതൻ. ഉദ്യോഗസ്ഥന്റെ കസേരയിലിരുന്നപ്പോൾ പുരോഹിതനോട് അല്പം മുഷിഞ്ഞു സംസാരിക്കേണ്ടിവന്നതിന്റെ ശിക്ഷ പോലെ ദൈവം എന്റെ മുന്നിൽ അദ്ദേഹത്തെ നിർത്തിയിരിക്കുകയാണ്. ഇവിടെ ഞാൻ അൾത്താരബാലനും പുരോഹിതൻ പ്രധാനദൈവശുശ്രൂഷകനുമാണ്. അദ്ദേഹം അർഹിക്കുന്ന എല്ലാ ആദരങ്ങളും നൽകി ഞാൻ അന്ന് അൾത്താര ശുശ്രൂഷ ചെയ്തു. അറിഞ്ഞോ അറിയാതെയോ ഉണ്ടായിരുന്ന ഞാൻ എന്ന ഭാവം. ആ ഈഗോയെ തകർക്കാനായി ദൈവം ഒരുക്കിയ ഒരു അരങ്ങായിരിക്കും അത്. അതെന്റെ പ്രായശ്ചിത്തവുമായി....

**ചില അനുഭവങ്ങൾ**

രസകരമായ ചില അനുഭവങ്ങളും ഇതിനിടെ ഉണ്ടായിട്ടുണ്ട്. ഒരിക്കൽ ഓഫീസിൽ ഒരു പുതിയ ശിപായി വന്നു. പെരുമ്പാവൂരിലെ ഓർത്തഡോക്സ് പള്ളിയിൽ അൾത്താരശുശ്രൂഷകനാണ് താൻ എന്നു വന്നദിവസം തന്നെ അയാൾ എന്നെ സന്തോഷപൂർവ്വം അറിയിച്ചു. മേലുദ്യോഗസ്ഥനായ എന്നെ പ്രീതിപ്പെടുത്താനുള്ള ഒരു ശ്രമംകൂടിയായിരുന്നു അത്. പള്ളിയിൽ ഞാൻ ശുശ്രൂഷകനായി നിൽക്കുമ്പോൾ ആളെ അവിടെയങ്ങും കണ്ടതേയില്ല. അടുത്തദിവസം ഓഫീസിൽ വച്ച് തിരക്കിയപ്പോൾ അയാൾ പറഞ്ഞത് – ഞാൻ പള്ളിയിൽ വന്നിരുന്നു. പക്ഷേ, സാർ ശുശ്രൂഷകനായി അൾത്താരയിൽ നിൽക്കുമ്പോൾ ഞാൻ എങ്ങനെ ഒപ്പം നിൽക്കും എന്നാണ്. ഞാൻ ശിപായിയെ ആശ്വസിപ്പിച്ചു. ദൈവത്തിനു മുന്നിൽ എല്ലാ മനുഷ്യരും സമമാണ്. ഇനി ഞാൻ അൾത്താരയിൽ നിൽക്കുമ്പോൾ എന്റെ ഒപ്പം നിന്നു ശുശ്രൂഷ ചെയ്യണം. ആൾക്കു വളരെ സന്തോഷമായി. അയാളുടെ അമിതാഹ്ലാദം കണ്ടപ്പോൾ ഞാൻ പുഞ്ചിരിയോടെ കൂട്ടിച്ചേർത്തു. അതു പള്ളിയിൽ മാത്രമാണ്. ഓഫീസിൽ ജോലി ചെയ്യാതെ ഒപ്പം വന്നു നിന്നാൽ ഞാൻ പറപറപ്പിക്കും.

സ്വന്തം ഇടവകപ്പള്ളിയായ കുറുപ്പുംപടിയിലും തിരുവനന്തപുരത്തെ പുന്നൻ റോഡിലുള്ള സെന്റ് പീറ്റേഴ്സ് കത്തീഡ്രലിലും മാത്രമേ അൾത്താരബാലനായി ഞാൻ പോകാറുള്ളൂ. 21–ാമത്തെ വയസിൽ അതായത് എൻജിനിയറിംങ് പാസായ വർഷത്തിൽ പള്ളിയിൽ ഉപദേശിയായും ഗ്രിഗോറിയോസ് തിരുമേനി തന്നെ എന്നെ നിയോഗിച്ചു. കഴിഞ്ഞ 54 വർഷമായി ഞായറാഴ്ച പള്ളിയിൽ എത്തുമ്പോഴെല്ലാം പ്രസംഗങ്ങളും നടത്താറുണ്ട്.

ഒന്നര മണിക്കൂർ വരെ നീളുന്ന അൾത്താരശുശ്രൂഷ നീണ്ട വർഷങ്ങൾ നിന്നുകൊണ്ടു തന്നെ ചെയ്തിരുന്നു. എന്നാൽ, ഇപ്പോൾ കുറച്ചുകാലമായി ആരോഗ്യം ഈ നിൽപ് അനുവദിക്കുന്നില്ല. കഴിഞ്ഞ പത്തുവർഷമായി പള്ളി വക ഒരു കസേര അനുവദിച്ചു തന്നിട്ടുണ്ട്. പ്രധാന കർമ്മങ്ങൾ മാത്രം എഴുന്നേറ്റു നിന്നു ചെയ്താൽ മതിയാകും. ദൈവം അനുഗ്രഹിച്ചു നൽകുന്ന കാലത്തോളം അൾത്താരബാലനായി തുടരണമെന്നാണ് എന്റെ ആഗ്രഹം.

കടപ്പാട് : ദീപിക ദിനപ്പത്രം

■

***12–ാം പേജിന്റെ തുടർച്ച***

പൗരന്മാർക്കു നൽകുന്ന വകുപ്പുകളിലാണ്. നിങ്ങളുടെ ജീവൻ അപകടത്തിലായാൽ നിങ്ങൾക്കു മറ്റൊരാളെ വധിക്കുന്നതുൾപ്പെടെയുള്ള പ്രതിരോധ നടപടികൾ സ്വീകരിക്കുന്നതിന് ശിക്ഷാനിയമം അനുവദിക്കുന്നുണ്ട്. അങ്ങനെ ചെയ്യുന്നത് കുറ്റകൃത്യമോ ശിക്ഷാർഹമോ ആവുകയില്ലെന്ന് 96–ാം വകുപ്പ് പറയുന്നുണ്ട്. അപ്രകാരമുള്ള ന്യായീകരണം വധശിക്ഷക്കും പറയാവുന്നതാണ്. രാജ്യത്തിന്റെയും അതിലെ പൗരന്മാരുടെയും ജീവൻ അപകടത്തിലാകുന്ന അപൂർവ്വ ഘട്ടങ്ങളിൽ മേൽപ്പറഞ്ഞ സാഹചര്യങ്ങളിൽ മാത്രം വധശിക്ഷ പരിമിതപ്പെടുന്നതിനോട് വിയോജിക്കാനുള്ള ന്യായങ്ങൾ എനിക്ക് കണ്ടെത്താൻ സാധിക്കുന്നില്ല. ബച്ചൻസിംങ് എന്ന സുപ്രീംകോടതി വിധിയിൽ അപൂർവ്വങ്ങളിൽ അപൂർവ്വമായ കേസുകളിൽ മാത്രം വധ ശിക്ഷ നൽകുന്നതായാൽ അത് ഭരണഘടനയുടെ 21–ാം അനുഛേദത്തിന് വിഘാതമാവുകയില്ലെന്ന് ഭൂരിപക്ഷം ജഡ്ജിമാർ അഭിപ്രായപ്പെടുമ്പോൾ വധശിക്ഷ ഭരണഘടനാ ലംഘനമാണെന്ന് ന്യൂനപക്ഷത്തിനു വേണ്ടി ജസ്റ്റിസ് പി.എൻ. ഭഗവതി എഴുതിയ ശക്തമായ വിയോജന വിധിയിൽ പോലും മേലുദ്ധരിച്ച സാഹചര്യത്തിലേക്ക് വധശിക്ഷ പരിമിതപ്പെടുത്തുന്നതിനെ പിന്തുണക്കുന്ന നിരീക്ഷണങ്ങൾ പറഞ്ഞിട്ടുണ്ട്. ഇവയെല്ലാം കണക്കിലെടുക്കുമ്പോൾ വധശിക്ഷ സംബന്ധിച്ചു എനിക്കുള്ള പ്രബലമായ അഭിപ്രായത്തിന് ചെറിയ അളവിലാണെങ്കിൽ പോലും അപസർഗം (exception) ആകാമെന്ന് സമ്മതിക്കേണ്ടിവരുന്നു. ●

# കാലത്തിന് മുമ്പേ നടന്ന

# ഉമ്മനച്ചൻ



**2**015 ഡിസംബർ 5ന് ഒഡീഷയിലെ ബിസംകട്ടക്കിൽ നിര്യാതനായ റവ എ.സി. ഉമ്മൻ, ഒരു കാലത്ത് ക്രൈസ്തവ യുവജനങ്ങളുടെ ആവേശമായിരുന്നു. കാലത്തിന് മുമ്പേ നടന്ന വ്യക്തിയായിരുന്നു എ സി ഉമ്മൻ. 1921 ജൂൺ 19ന് കവിയൂർ അമ്പാട്ട് എ.സി. ചെറിയാന്റെയും ഇരവിപേരൂർ അഞ്ചനാട്ട് അക്കമ്മ (മറിയാമ്മ)യുടെയും പുത്രനായി ജനിച്ച എ സി ഉമ്മൻ, ചെറുപ്പത്തിൽ തന്നെ തന്റെ പ്രവർത്തനമേഖല ക്രൈസ്തവ പ്രേഷിത പ്രവർത്തനമാണെന്ന് തിരിച്ചറിഞ്ഞു. തിരുവതാംകൂർ കൊച്ചി മഹായിടവകയിലെ യുവജനങ്ങളുടെയിടയിലെ പ്രവർത്തനങ്ങളിൽ കൂടി യുവജനസമ്മേളനത്തിന്റെ സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ടു. തുടർന്ന് അദ്ദേഹം പ്രാർത്ഥനയ്ക്ക് വേണ്ടി രൂപം നൽകിയ മിഷണറി ഗ്രൂപ്പ് അനേകം ചെറുപ്പക്കാരെ ആകർഷിക്കുകയും സഭയുടെ പ്രവർത്തനങ്ങളിൽ സജീവമാകുവാൻ പ്രേരിപ്പിക്കുകയും ചെയ്തു. റവ. കെ.സി. മാത്യുവും പ്രഫ. ജോർജ് കോശിയുമൊക്കെ ആവേശത്തോടെയാണ് ഈക്കാര്യങ്ങൾ പറയുന്നത്. ദളിതർക്ക് മാത്രമായുള്ള പള്ളികളെല്ലാം ഇടിച്ചു കളഞ്ഞു അവരെ സുറിയാനി വിഭാഗക്കാരുടെ പള്ളികളിൽ ചേർക്കണമെന്നാവശ്യപ്പെട്ടത് യുവാവായ എ.സി. ഉമ്മനായിരുന്നു. രണ്ടും നടന്നില്ല. മഹായിടവകയിൽ യുവജനങ്ങളുടെ സംഘടനയുണ്ടാകണമെന്ന് കരുതി അതിനു വേണ്ടി ജോൺ മത്തായി, ഇസി ജോൺ, കെ നൈനാൻ, ജയിക്കബ് വർഗീസ്, റെയ്ച്ചൽ ജോൺ, ജോൺ രാമകൃഷ്ണപിള്ള എന്നിവരോടൊപ്പം പ്രവർത്തിക്കുകയും. യൂത്ത് ലീഗിന് ഒരു ഭരണഘടനയും അവർ എഴുതി ഉണ്ടാക്കുകയും ചെയ്തു. അൽമായനായിരിക്കണം യൂത്ത് ലീഗിന്റെ പ്രസിഡന്റ് എന്നെഴുതിയിരുന്നു. പുതിയ ഭരണഘടനയുടെ നക്കലുമായി ബിഷപ്പ് ജയിക്കബിനെ കാണുവാൻ ചെന്നപ്പോൾ ബിഷപ്പ് ജയിക്കബ് അദ്ദേഹത്തിന്റെ സെക്രട്ടറിയായിരുന്ന എം.ജെ. ചാണ്ടിയച്ചനെ അത് പഠിക്കുവാൻ ഏല്പിച്ചു. എം.ജെ. ചാണ്ടിയച്ചൻ ബിഷപ്പ് ജയിക്കബിനോട് പറഞ്ഞതിൻപ്രകാരമാണ്. ഈ വയ്യാവേലി തലയിൽ പിടിച്ചു കയറ്റണോ?. ബിഷപ്പ് ജയിക്കബ് യുവജനങ്ങളിൽ ഭാവി സഭയെ കണ്ടതിന്റെ വെളിച്ചത്തിലാണ് അവർ തയ്യാറാക്കിയ ഭരണഘടനയംഗീകരിച്ചത്. അങ്ങനെയാണ് ജോൺ മത്തായി മദ്ധ്യകേരള മഹായിടവക യൂത്ത് ലീഗിന്റെ ആദ്യ പ്രസിഡന്റായത്. യൂത്ത് ലീഗിന്റെ യാതൊരു സ്ഥാനമാനങ്ങളും ഏസി ഉമ്മൻ വഹിക്കുകയുണ്ടായില്ല. യുവലോകം മാസിക തുടങ്ങുവാൻ നേതൃത്വം കൊടുത്തതും എ.സി. ഉമ്മനാണ്. കെ.ഇ. ജോർജ് മാസികയുടെ പ്രസാധകനും, ജയിക്കബ് വർഗിസ് (റവ. ഡോ) എഡിറ്ററുമായി. മാസികയിലും അച്ചൻ സ്ഥാനം സ്വീകരിച്ചില്ല. വിപ്ലവകരമായ ആശയങ്ങൾ വന്നുകൊണ്ടിരുന്ന പ്രസിദ്ധീകരണമായിരുന്നു യുവലോകം. സഭകൾ കമ്യൂണിസ്റ്റ് ചിന്താഗതികൾക്കെതിരെ നിലപാടുകളെടുത്തപ്പോൾ കമ്യൂണിസ്റ്റ് ആശയങ്ങൾ സഭയ്ക്ക് തള്ളിക്കളയുവാൻ സാധിക്കുന്നതല്ലായെന്ന് ആദ്യമായി നിലപാടെടുത്ത ക്രൈസ്തവ യുവജന മാസികയാണ് യുവലോകം. അതിന്റെ പിന്നിൽ എ.സി. ഉമ്മന്റെ ശക്ത

മായ കൈകളുണ്ടായിരുന്നു.

1947ൽ ഇന്ത്യ പാക്ക് വിഭജന കാലത്ത്, ദുരിതമനുഭവിക്കുന്നവരുടെയിടയിൽ, കുരിശ് മാലയണിഞ്ഞു ആശ്വാസപ്രവർത്തനങ്ങളിലേർപ്പെടുവാൻ എ.സി. ഉമ്മൻ നേതൃത്വം നൽകി. ഞങ്ങൾ ഹിന്ദുവുമല്ല മുസ്ലിംമുമല്ലയെന്ന് പറഞ്ഞായിരുന്നു പ്രവർത്തനങ്ങൾ.ഡൽഹി, അംബാല, കുരുക്ഷേത്ര എന്നിവിടങ്ങളിലെ ദുരിതാശ്വാസ പാളയങ്ങളിൽ ശുശ്രൂഷ ചെയ്തു.

ആലപ്പുഴ ക്രിസ്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് കേന്ദ്രമാക്കി തെരുവു കുട്ടികളുടെ ഇടയിലെ പ്രവർത്തനങ്ങളിലൂടെ സാമൂഹിക രംഗത്തെ പ്രയാണത്തിനു എ.സി. ഉമ്മൻ തുടക്കം കുറിച്ചു. കേരള സി. എസ്. എസ്. എമ്മിലൂടെ (ബാലശുശ്രൂഷ സംഘം) കുറച്ചുകാലം കൂടി കുട്ടികളുടെ ഇടയിലെ പ്രവർത്തനങ്ങളിൽ തുടർന്ന അദ്ദേഹം സാധു മത്തായിച്ചൻ ആചാര്യ കെ. കെ. ചാണ്ടി എന്നിവർക്കൊപ്പം മാങ്ങാനം ക്രൈസ്തവാശ്രമത്തിലും സജീവമായി പ്രവർത്തിച്ചു. സ്റ്റുഡന്റ്സ് ക്രിസ്ത്യൻ മൂവ്മെന്റിന്റെ കേരളാ സെക്രട്ടറിയായും ദേശീയ നേതാവായും കുറച്ചു വർഷങ്ങൾ സേവനം ചെയ്തു.

പൂവത്തൂർ തേവർതുണ്ടിയിൽ റവ. റ്റി. ജെ. വർക്കിയുടെ പുത്രി റിബേക്ക വർക്കിയെ ജീവിതസഖിയായി 1953 ഡിസംബർ 28ന് സ്വീകരിച്ചു.ഉഗാണ്ടയിലെ ആംഗ്ലിക്കൻ സഭയുടെ ബിഷപ്പ് എൽ. ഡബ്ല്യു. ബ്രൗണിന്റെ ക്ഷണം സ്വീകരിച്ച് ഈ ദമ്പതികൾ മിഷനറി അധ്യാപകരായി 1954ൽ ഉഗാണ്ടയിൽ എത്തി. ആഫ്രിക്കൻ വംശജർക്കു വേണ്ടി ഹോയിമായിൽ സ്കൂൾ ആരംഭിച്ച് ഉഗാണ്ടയിലെ വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു.1960ൽ ബിഷപ്പ് ബ്രൗൺ എ. സി. ഉമ്മന് കമ്പാലയിലെ നമിരാബി കത്തീഡ്രലിൽ വച്ച് വൈദിക പട്ടം നൽകി. പട്ടത്വ ശുശ്രൂഷയ്ക്കൊപ്പം ബിഷപ്പ് റ്റക്കർ കോളേജിൽ അധ്യാപകനായും അച്ചൻ സേവനമനുഷ്ഠിച്ചു.

1961ൽ മദ്ധ്യകേരള മഹായിടവക ബിഷപ്പ് റൈറ്റ് റവ. എം. എം. ജോണിന്റെ ക്ഷണമനുസരിച്ച് ഉഗാണ്ടയിൽനിന്നും മടങ്ങിയെത്തിയ ഉമ്മനച്ചൻ രണ്ടു ഇടവകകളിൽ മാത്രമേ വികാരിയായി സേവനമനുഷ്ടിച്ചിട്ടുള്ളു. 1961–ൽ അച്ചന്റ കൂടെ താല്പര്യമനുസരിച്ച്, കാട്ടാമ്പാക്കൽ സഭയുടെ വികാരിയായി നിയമിതനായി. ദളിത് ഇടവകയിൽ സിറിയൻ വിഭാഗത്തിലെ ഒരച്ചൻ വൈദികനാകുന്നത് ആദ്യമായിട്ടായിരുന്നു. അവരോടൊപ്പം പാടങ്ങളിൽ പണിയെടുത്ത് അവരിലൊരാളായിത്തീരുവാൻ അച്ചൻ ശ്രമിച്ചു. അവരൊടൊപ്പം നടന്നു മാത്രമേ ദളിത് സമൂഹത്തെ ഉയർത്താനാകുവെന്ന് അച്ചൻ വിശ്വസിച്ചു.അവർക്ക് അച്ചനെ പൂർണ്ണമായി ഉൾക്കൊള്ളാനായില്ല. രണ്ടാമത് അച്ചൻ വെല്ലൂരിൽ നിന്നു തിരികെ വന്നതിന് ശേഷം പുന്നയ്ക്കാട് ഇടവകയുടെ വികാരിയായി ചാർജെടുത്തു.പുന്നയ്ക്കാട്ടുള്ള പിതാക്കന്മാരെ മാനസാന്തരപ്പെടുത്തുവാൻ സാധിക്കയില്ലായെന്ന് ബോദ്ധ്യമായതിനാൽ നാലു മാസത്തിന് ശേഷം വികാരി സ്ഥാനം ഒഴിഞ്ഞു. പുന്നയ്ക്കാട്ടുകാർക്കും അച്ചനെ ഉൾക്കൊള്ളാനായില്ല.

1964ൽ വെല്ലൂർ ക്രിസ്ത്യൻ മെഡിക്കൽ കോളേജ് കൗൺസിലിന്റെ ക്ഷണം സ്വീകരിച്ച് ചാപ്ളിൻ ആയി വെല്ലൂരിലെ അച്ചന്റെ വേല ആരംഭിച്ചു. റിലിജിയസ് ഡിപ്പാർട്ട്മെന്റ് ഡീനായി പതിനേഴു വർഷത്തെ മികച്ച സേവനം കാഴ്ചവച്ച് 1981ൽ വിരമിച്ചു. പിന്നീട് സി. എം. എ. ഐ. ഡൽഹി, ബാഗ്ലൂർ യൂ. റ്റി. സി., പൂനാ യു. ബി. എസ്. എന്നിവിടങ്ങളിലെല്ലാം കടന്നുചെന്ന് വിവിധ മേഖലകളിൽ അച്ചന്റെ വേല തുടർന്നു. ആംഗ്ലിക്കൻ സഭയുടെ പരമാധ്യക്ഷൻ കാന്റർബറി ആർച്ച് ബിഷപ്പിന്റെ ക്ഷണം സ്വീകരിച്ച് ബ്രിട്ടീഷ് മിഷനറിയായും ചില വർഷങ്ങൾ സേവനം അനുഷ്ഠിച്ചു. ചർച്ച് മിഷനറി സൊസൈറ്റിയുടെ പരമോന്നത ബഹുമതിയായ ലൈഫ് ഗവർണർ പദവി നൽകി എ.സി. ഉമ്മനച്ചനെ സി.എം.എസ്. ആദരിച്ചു.

മദ്ധ്യകേരള മഹായിടവകയിലെ ദളിത് സമൂഹത്തിന്റെ ഉദ്ധാരണത്തിനായി രൂപവൽക്കരിച്ച ജനകീയ വിശ്വാസസമിതി, ബിഷപ്പ് മാണിയുടെ നയങ്ങൾക്കെതിരെ നടത്തിയ പോരാട്ടങ്ങളോട് എ.സി. ഉമ്മനച്ചൻ .യോജിച്ചിരുന്നില്ല. ജനകീയ വിശ്വാസസമിതി ഉയർത്തിയ മുദ്രാവാക്യങ്ങൾ അച്ചൻ അംഗീകരിച്ചിരുന്നുവെങ്കിലും സഭയ്ക്കുള്ളിൽ അംഗീകൃത വേദികളിൽ നടത്തേണ്ടതായ പോരാട്ടം തെരുവിൽ നടത്തിയതിനെ അദ്ദേഹം ശക്തമായി എതിർത്തിരുന്നു.

1995 മുതൽ ദീർഘകാലം ന്യു വിഷൻ മാസിക എഡിറ്റോറിയൽ ബോർഡ് അംഗമായി എ.സി. ഉമ്മനച്ചൻ സേവനമനുഷ്ഠിച്ചിരുന്നു. എഡിറ്റോറിയിൽ ബോർഡ് കൂടുമ്പോൾ ഒരു മയവുമില്ലാതെ അച്ചൻ എന്നെ വിമർശിച്ചിരുന്നു. മീറ്റിങ് കഴിഞ്ഞു പുറത്തിറങ്ങുമ്പോൾ അച്ചൻ എന്നോട് പറയും: നിങ്ങളുടെ അദ്ധ്വാനഫലമായാണ് മാസിക ക്രമമായും ചിട്ടയായും ഇറങ്ങുന്നതെന്നെനിക്കറിയാം. പ്രായോഗിക തലത്തിൽ ചിലപ്പോൾ ചില അഡ്ജസ്റ്റ്മെന്റുകൾ വേണമെന്നെനിക്കറിയാം. ഇതിന്റെ പിറകിൽ പ്രവർത്തിക്കുന്നവർക്കേ അതിന്റെ പ്രയാസം അറിയുകയുള്ളു. ബോർഡിൽ പറയുന്ന കാര്യങ്ങൾ ആശയതലത്തിൽ പറയുന്നതാണ്. അതും മനസ്സിലാക്കിയിരിക്കണം.

സന്തതസഹചാരിയായിരുന്ന സഹധർമ്മിണി 2003ൽ നിര്യാതയായി.മക്കൾ: ഡോ. ശാന്തി, ഗീത, പരേതയായ ഡോ. ലളിത, ഡോ. ജോണി, ദീപ.മരുമക്കൾ: ഡോ. രാജ്കുമാർ, ഡോ. ദാസ് അത്യാൽ, ഡോ. ജോയൽ ഫ്രാൻസിസ്, മേഴ്സി, ഡോ. ആശിഷ് കോശി.കർമ്മമണ്ഡലങ്ങളിലെല്ലാം മങ്ങാത്ത പ്രഭ ചൊരിഞ്ഞ എ. സി. ഉമ്മനച്ചന്റെ ദേഹവിയോഗത്തിൽ ന്യു വിഷൻ മാസികയുടെ ആദരാഞ്ജലികൾ.

ഡോ.മാത്യു കോശി പുന്നയ്ക്കാട്
എഡിറ്റർ

ജീവിതരേഖ തയ്യാറാക്കിയത് : നൈനാൻ കെ. ജേക്കബ് തിരുവല്ല

■ ■ ■



## മരുഭൂമിയിലെ നീരുറവകൾ

# പാലും തേനും : ഒരു പുനർവായന

■ റവ. ഏ. സി. തോമസ്, തിരുവല്ല

"**അ**വരെ മിസ്രയീമ്യരുടെ കയ്യിൽ നിന്ന് വിടുവിപ്പാനും ആ ദേശത്തിന് നല്ലതും വിശാലവുമായ ദേശത്തേക്ക്, പാലും തേനും ഒഴുകുന്ന ദേശത്തേക്ക് ....... അവരെ കൊണ്ടു വരുവാനും ഞാൻ ഇറങ്ങിവന്നിരിക്കുന്നു." (പുറപ്പാട് 3:8)

ഒരു ദേശത്തെ ശ്രേഷ്ഠമായ ഉല്പന്നങ്ങളുടെ പ്രതീകമാണ് പാലും തേനും. തന്മൂലം പാലും തേനും സംബന്ധിച്ച നിർമ്മിതികൾ എല്ലാം തന്നെ വിഭവങ്ങളുടെ മേലുള്ള അവകാശം, വിതരണം, ചൂഷണം എന്നിവയുമായി ബന്ധപ്പെട്ട് നിൽക്കുന്നു. സമൃദ്ധിയുടെ പ്രതീകം എന്ന കേവല അർത്ഥത്തിന് അതീതമാണ് ''പാലും തേനും'' എന്ന ആശയനിർമ്മിതി. കനാൻ നാട് പലപ്പോഴും ക്ഷാമത്തിന് വിധേയപ്പെടുമ്പോഴും ഈജിപ്റ്റ് ഭക്ഷ്യക്ഷാമം നേരിടാത്ത ഒരു ദേശമായിരുന്നു എന്ന് ഉല്പത്തിപുസ്തകം തന്നെ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. (ഉല്പത്തി 12: 10, 26:1).

പുരാതന പശ്ചിമേഷ്യൻ നിർമ്മിതിയിൽ "പാലും തേനും" ദേവന്മാരുടെ ആഹാരമാണ്. ഈജിപ്റ്റിലും അത് അങ്ങനെതന്നെ. അതിനാൽ ഭക്ഷണം ഉല്പാദിപ്പിക്കുന്നവർ കർഷകരല്ല, ദേവന്മാർക്കുവേണ്ടി ഭക്ഷണം ഉല്പാദിപ്പിക്കുവാൻ സൃഷ്ടിക്കപ്പെട്ട അടിമകൾ മാത്രമാകുന്നു. ഉല്പന്നങ്ങൾ ക്ഷേത്രങ്ങളിലെത്തിക്കുവാൻ അവർ ബാധ്യസ്ഥർ ആണ് ക്ഷേത്രങ്ങളിൽ നിന്നും അവ ഭരണസിരാകേന്ദ്രങ്ങളിലെത്തുന്നു. ക്ഷേത്രങ്ങൾ അദ്ധ്വാന-വിഭവചൂഷണത്തിനുള്ള ഇടനില കേന്ദ്രങ്ങളായി വർത്തിച്ചു. പുരോഹിതന്മാർ കമ്മീഷൻ ഏജന്റുമാരും ആയി.

സമൃദ്ധിയുടെ കാലത്ത് ഫറവോൻ കർഷകരിൽ നിന്നും ധാന്യങ്ങൾ "ശേഖരിച്ചു" (ഉല്പത്തി 41:34), ക്ഷാമകാലത്ത് അവ അതേ ജനങ്ങൾക്ക് "വിറ്റു" (41:56). നിയമം മൂലം ശേഖരിച്ചവ വിതരണം ചെയ്യുക അല്ലേ വേണ്ടത്? വിതരണം ചെയ്യേണ്ടതിനു പകരം വില്പന നടത്തി ഭരണകൂടം ജനതയുടെ സമ്പത്തും ഭൂമിയും കവർന്നെടുക്കുന്ന സംഭവമാണ് പിന്നീട് അരങ്ങേറുന്നത്. ജനങ്ങൾ അടിമകളും കുടിയാന്മാരുമായി. കമ്പോളയുക്തികൾ ആഗോളവ്യാപാരത്തെ നിയന്ത്രിക്കുന്ന ഇക്കാലത്തും കർഷകന്റെ ഗതി ഇതുതന്നെ. ഭൂമിയുടെ മേലുള്ള ജനങ്ങളുടെ അവകാശം ഇനി ഒരിക്കലും ഉയർന്നുവരാതിരിക്കുവാൻ മതവിശ്വാസത്തിലധിഷ്ഠിതമായ ഒരു നിർമ്മിതി ആവശ്യമായിരുന്നു. അതാണ് "പാലും തേനും" എന്ന ആശയം.

**മോശെയുടെ ബദൽ നിർമ്മിതി**

ഒരു ജനതയെ തലമുറകൾ അടിമത്തത്തിൽ തളച്ചിടുവാൻ ഓരോ ഭരണകൂടവും ഓരോ കാലത്തും സമാനമായ വിവരണങ്ങൾ രൂപപ്പെടുത്തിക്കൊണ്ടേയിരിക്കും. പാലും തേനും ഒഴുകുന്ന കനാൻ ദേശമെന്നത് ഇതിനോടുള്ള മോശെയുടെ ഒരു ബദൽ പുനഃനിർമ്മിതിയാണ്. ഭൂമി നഷ്ടപ്പെട്ട് അടിമകളായ ജനതയുടെ വിമോചനം ഒരു പുതിയ സാമൂഹ്യക്രമം സൃഷ്ടിക്കുവാനുള്ള യാത്രയായി മാറുകയാണ്. "നല്ലതും വിശാലവുമായ" ദേശമെന്ന സ്വപ്നം ഇപ്പോഴത്തെ അനുഭവത്തിൽ നിന്നും വിപരീതാനുഭവത്തിലേക്കുള്ള യാത്രയെ സൂചിപ്പിക്കുന്നു. ഭൂമി നഷ്ടപ്പെട്ട ഈ ദേശം അവർക്ക് തിന്മ നിറഞ്ഞതാണ്. വ്യവഹാരത്തിന് അവകാശമുള്ള ഇടങ്ങൾ അവർക്ക് പരിമിതമാണ്. പാലും തേനും ഒഴുകുന്ന കനാൻ ദേശത്തേക്കുള്ള

യാത്ര കൂടുതൽ സമൃദ്ധമായ ദേശത്തേക്കുള്ള യാത്രയല്ല. തദ്വാരാ, വിഭവങ്ങളുടെമേലുള്ള അവകാശം അദ്ധ്വാനിക്കുന്നവർക്ക്, ഉല്പാദിപ്പിക്കുന്നവർക്ക് ലഭിക്കുന്ന നീതിയുടെ ഇടങ്ങളിലേക്കുള്ള ഒരു യാത്രയാണ്. "നമ്മൾ കൊയ്യും വയലെല്ലാം നമ്മുടേതാകുന്ന" ഒരു കാലത്തെക്കുറിച്ചുള്ള സ്വപ്നം. അവിടെയാണ് നന്മയുടെയും അതിരുകൾ നിർണ്ണയിക്കാത്ത സ്വാതന്ത്ര്യത്തിന്റെയും ലോകത്തേക്കുള്ള യാത്ര വിമോചനത്തിന്റെ പരമമായ മാതൃകയാകുന്നത്.

**മതം, ക്ഷേത്രം, പുരോഹിതർ**

ജനതയെ അടിമപ്പെടുത്തുവാനുള്ള ആശയനിർമ്മിതിയാണ് മതം. വിഭവങ്ങൾ ചൂഷണം ചെയ്ത് സമാഹരിക്കുവാനുള്ള കേന്ദ്രങ്ങളായി ക്ഷേത്രങ്ങൾ നിലകൊണ്ടു. ഈ വിഭവസമാഹരണത്തിന്റെ കമ്മീഷൻ ഏജന്റുമാരായി വർത്തിച്ചത് ക്ഷേത്രപുരോഹിതരും. വളരെ സങ്കീർണ്ണമായ രൂപങ്ങളിലേക്ക് നമ്മുടെ വർത്തമാനകാലത്ത് ഈ രൂപങ്ങൾ വികാസം പ്രാപിച്ചിട്ടുണ്ട്. ശാസ്ത്രവും വിദ്യാഭ്യാസ സ്ഥാപനങ്ങളും മാധ്യമങ്ങളും ചേർന്ന കൂട്ടുകെട്ട് ഒരു മതത്തിന്റെ രൂപം പ്രാപിച്ചിട്ടുണ്ട്. ശാസ്ത്രജ്ഞർ പുരോഹിതരുടെ അപ്രമാദിത്തഭാവത്തിലെത്തിയിട്ടുണ്ട്. വ്യവസായ ശാലകളും നഗരങ്ങളും ക്ഷേത്രത്തിന്റെ പുതിയ പതിപ്പുകളാണ്. ഡാമുകളും വ്യവസായശാലകളും ആധുനിക ഭാരതത്തിന്റെ ക്ഷേത്രങ്ങളാണെന്ന് ജവഹർലാൽ നെഹ്റു പറഞ്ഞത് വെറുതെയല്ല.

സ്വതന്ത്രഭാരതത്തിൽ 35 ദശലക്ഷം തദ്ദേശവാസികളെ അഭയാർത്ഥികളാക്കി മാറ്റിയ ഡാമുകളുടെ ഗുണഭോക്താക്കൾ മറ്റൊരു ന്യൂനപക്ഷമാകുമ്പോൾ ഇരകൾ ചേരികളിലേക്ക് വലിച്ചെറിയപ്പെടുകയായിരുന്നു. ഇവരുടെ ഇന്നത്തെ അവസ്ഥ എന്തെന്ന് ഒരു രേഖയുമില്ല. കാരണം അവർ മനുഷ്യരല്ല, വെറും ചണ്ടികൾ മാത്രം. വികസനമാപിനിയിൽ അവരുടെ കണക്ക് വരേണ്ട കാര്യവുമില്ല.

ഓഹരി കമ്പോളത്തിൽ നിക്ഷേപമുള്ളത് ഭാരതത്തിൽ ഒരു ശതമാനം വരും. അവരുടെ ലാഭവും വരുമാനവും നോക്കിയാണ് രാജ്യത്തിന്റെ വികസനഗതിവേഗം ഏഴു ശതമാനം എന്ന് കണക്കാക്കുന്നത്. 99 ശതമാനം വരുന്നവരെ കൊള്ളയടിക്കുവാൻ ഒരു ശതമാനത്തെ അനുവദിക്കുന്ന സാമ്പത്തിക നയങ്ങളാണിന്ന്. അങ്ങനെ നമ്മുടെ വികസനഗതിവേഗം രണ്ടക്ക മാസ്മരിക സംഖ്യയിലെത്തുമ്പോൾ 99 ശതമാനത്തിന്റെ "പാലും തേനും" ഒരു ശതമാനത്തിന്റെ കൈകളിലെത്തിപ്പെടുന്നു. ലോകത്തെ ഏറ്റവും വലിയ പത്ത് ധനികരിൽ രണ്ട് ഭാരതീയർ ആയാൽ നമുക്ക് അഭിമാനിക്കാം. 99-നെ കൊള്ളയടിക്കുവാൻ രണ്ട് മിടുക്കന്മാർ ഇവിടെയുണ്ടായല്ലോ! ആരോഗ്യ-കാർഷികരംഗത്തെ പുരോഹിത ശാസ്ത്രജ്ഞർ ജനതയെ കൊള്ളയടിക്കുകയാണ്. പാക്കിസ്ഥാനിൽ പട്ടാള അട്ടിമറിയാണ് നടന്നതെങ്കിൽ ഭാരതത്തിൽ ആരോഗ്യ-കാർഷികവിദഗ്ദർ ചേർന്നുള്ള അട്ടിമറിയാണ് നടന്നുകൊണ്ടിരിക്കുന്നത്. അതിനുള്ള പാഠങ്ങളാണ് മെഡിക്കൽ കോളേജുകളിലും കാർഷിക സർവ്വകലാശാലകളിലും പരിശീലിപ്പിക്കുന്നത്.

**ശാസ്ത്രം എന്ന അന്ധവിശ്വാസം**

കുത്തുക കമ്പനികളാണ് അവിടങ്ങളിലെ കരിക്കുലം നിർണ്ണയിക്കുന്നത്. അപ്പോൾ എൻഡോസൾഫാൻ മൂലമാണ് ഒരു ദേശത്തെ ജനത ഈയാംപാറ്റകളെപ്പോലെ കൊഴിഞ്ഞുപോയതെന്ന് കണ്ടെത്തുവാൻ "ശാസ്ത്രീയ" തെളിവുകളില്ലാതാകുന്നു, കുളങ്ങളും തണ്ണീർത്തടങ്ങളും നികത്തിയതാണ് വെള്ളപ്പൊക്കത്തിനും വരൾച്ചക്കും കാരണമെന്ന് അന്വേഷിക്കുവാൻ വിദഗ്ധരുടെ കമ്മീഷനുകൾ എത്ര വന്നാലും "ശാസ്ത്രീയമായി" തെളിയിക്കുവാൻ സാധിക്കാതെ വരുന്നു, പാശ്ചാത്യരാജ്യങ്ങൾ ഉപേക്ഷിച്ച ആണവനിലയങ്ങൾ ഇവിടെ സുരക്ഷിതമാണെന്ന് "ശാസ്ത്രീയമായി" സ്ഥാപിക്കപ്പെടുന്നു. പല രാജ്യങ്ങളിലും നിരോധിച്ച അയഡിൻ ഉപ്പ് നമ്മുടെ രാജ്യത്തുമാത്രം സുരക്ഷിതവും അനിവാര്യവുമാണെന്ന് "ശാസ്ത്രീയമായി" സ്ഥാപിക്കപ്പെടുന്നു. ഇതിന്റെ ഉപഭോഗം നിയമംമൂലം നിർബന്ധമാക്കിയതിനുശേഷം തൈറോയ്ഡ് രോഗികളുടെ എണ്ണത്തിലും വന്ധ്യതയിലും ഉണ്ടായ അമിത വർദ്ധനയൊന്നും നമ്മുടെ (പുരോഹിത) ശാസ്ത്രജ്ഞർ ഇതുവരെ കണ്ടിട്ടുമില്ല. അവർക്ക് തെളിവുകൾ വേണമത്രേ!

വാക്സിനുകളിലൂടെ ഒരു ജനതയെ മുഴുവൻ ഉപഭോക്താക്കളായി മാറ്റിയ ആരോഗ്യ രംഗത്തെ കുത്തക വ്യവസായികൾ, ഓട്ടിസം മൂലം പാഴായി പോകുന്ന ജന്മങ്ങളുടെ നിലവിളി കേൾക്കുന്നില്ല. വിത്തില്ലാത്ത ഫലങ്ങൾ ഭക്ഷിക്കുന്നവരെ വിത്തുല്പാദനശേഷിയും ഇല്ലാതാകുമെന്ന കേവലയുക്തി ജനിതകമാറ്റം വരുത്തിയ ഭക്ഷ്യവിളകൾക്കുവേണ്ടി വാദിക്കുന്ന വിദഗ്ധർക്ക് ഇനിയും മനസ്സിലായിട്ടില്ലത്രേ. ഗോൾഡൻ റൈസും കടുകും ഒക്കെ വരുന്നുണ്ട്. നമ്മുടെ "പാലും തേനും" അവരുടെ ഭണ്ഡാരത്തിലേക്ക് എത്തപ്പെട്ടിരിക്കുന്നു. ഇരുണ്ട യുഗത്തിൽ മതവും പുരോഹിതരും എന്തു ചെയ്തുവോ അതുതന്നെയാണ് ഇന്ന് ശാസ്ത്രജ്ഞരും വിദഗ്ധരും ചെയ്യുന്നത്. ഒരു ബദൽ നിർമ്മിതി ആവശ്യമാണ്. ●




# ഐക്യു (IQ) ഇക്യു (EQ) ഇത് രണ്ടും മാതാപിതാക്കൾ വേർതിരിച്ച് മനസ്സിലാക്കട്ടെ

■ ജോർജ് ബഹനാൻ *(Counsellor and Therapist)*

**കു**ട്ടികളുടെ പഠനവുമായി ബന്ധപ്പെട്ട് നാം സ്ഥിരമായി കേൾക്കുന്നതാണ് (IQ) (Intelligent Quotient) അഥവാ ബുദ്ധി. നല്ല മാർക്ക് വാങ്ങിക്കുന്ന കുട്ടികളെപ്പറ്റി നാം പറയും നല്ല IQ ഉള്ള കുട്ടി എന്ന്. പക്ഷെ എന്താണീ EQ or EI. Emotional Quotient or Emotional Intelligence - വൈകാരിക ബുദ്ധി. ഇത് പല മാതാപിതാക്കളും മനസ്സിലാക്കിയിട്ടില്ല.

ബുദ്ധിയെ വികാരങ്ങളുമായി ബന്ധപ്പെടുത്തി വൈകാരിക ബുദ്ധി (emotional intelligence) എന്ന പ്രയോഗം ആദ്യം കൊണ്ടുവന്നത് 1990–ൽ Peter Sakvay യും JackMayor ഉം ആണ്. പക്ഷെ 1990–ൽ Dr. Daniel Goleman Emotional Intelligence - Why it can matter more than IQ എന്നൊരു പുസ്തകം പ്രസിദ്ധീകരിച്ചു. ഉടനെതന്നെ അതൊരു ബെസ്റ്റ് സെല്ലറായി. അതോടെ ജീവിതത്തിൽ വിജയിക്കാൻ IQനെക്കാൾ അത്യാവശ്യം EQ ആണെന്ന് എല്ലാവരും മനസ്സിലാക്കാൻ തുടങ്ങി.




EQ എന്നു പറയുന്നത് വൈകാരിക സമനിലയാണ്. വൈകാരിക സമനിലയില്ലാത്തവർക്ക് ജീവിതത്തിന്റെ വിവിധമേഖലകളിൽ വിജയിക്കാൻ വളരെ വിഷമമാണ്. ഈ സമനില ഇല്ലായ്മ ആദ്യം ബാധിക്കുന്നത് കുടുംബത്തിലാണ്. കുടുംബ ബന്ധങ്ങൾ ശക്തമാ ക്കാൻ EQ വളരെ അത്യാവശ്യമാണ്.

നല്ല മാർക്ക് വാങ്ങുന്ന, ബുദ്ധിയുള്ള ധാരാളം കുട്ടികളുണ്ട്. അവരിൽ പലരും നല്ല ജോലി കിട്ടാത്തവരാണ്. അത് മാതാ പിതാക്കളെ വിഷമിപ്പിക്കുന്നു. കാരണം ഇവർക്ക് EQ കുറവാണ്.

EQ കുറവായതിന്റെ ലക്ഷണങ്ങൾ (symptoms) മാതാ പിതാക്കൾ മനസ്സിലാക്കിയിരിക്കണം.

ഒരു ഗ്രൂപ്പിൽ സംസാരിക്കാൻ വിഷമം, സഭാകമ്പം (stage fright) ആൾക്കാരെ അഭിമുഖീകരിക്കാൻ വിഷമം, സ്വാഭിമാനം ഇല്ലായ്മ, അപകർഷതാബോധം, കണ്ണിൽ നോക്കി സംസാരിക്കാൻ വിഷമം, ചോദിച്ചാൽ ഉത്തരം വരാതിരിക്കുക, പേര് ചോദിച്ചാൽ പേര് വ്യക്തമായി സ്പുടമായി പറയാൻ വിഷമം, കാര്യങ്ങൾ മറന്നു പോവുക, അനാവശ്യമായ ടെൻഷൻ, വല്ലാത്ത വെപ്രാളം, നിവർന്ന് നിൽക്കാൻ വിഷമം, കൈ വിറയ്ക്കുക, സന്തോഷമില്ലാത്ത മുഖഭാവം, മര്യാദകളും, മര്യാദയുടെ വാക്കുകളും മറന്നുപോവുക. ഇതൊക്കെയാണ് EQ കുറയുന്നതിന്റെ ലക്ഷണങ്ങൾ. ഈ ലക്ഷണങ്ങൾ ഉള്ള കുട്ടികൾക്ക് സമൂഹത്തിലും, കുടുംബത്തിലും വിജയിച്ച് മുന്നോട്ട് പോകാൻ ബുദ്ധിമുട്ടാണ്.

കേരളത്തിലെ എൻജിനീയറിംഗ് കോളേജിൽ നിന്നും പാസ്സാകുന്ന 27% കുട്ടികൾക്ക് മാത്രമെ നല്ലൊരു ജോലിക്കുവേണ്ടി ഇന്റർവ്യൂ ബോർഡിനെ നേരിടാനുള്ള കഴിവുള്ളൂ എന്നാണ് പഠനങ്ങൾ കാണിക്കുന്നത്. ഇത് വളരെ പരിതാപകരമായ അവസ്ഥയാണ്.

ഇന്ന് സ്ഥാപനങ്ങൾക്കും, സംഘടനകൾക്കും, കമ്പനി കൾക്കും ആവശ്യം സ്മാർട്ടായ കുട്ടികളെയാണ്. അതായത് മാനസ്സിക സമനിലയുള്ള കുട്ടി കളെ. പഠിച്ച് മാർക്ക് വാങ്ങിച്ചാൽ കുട്ടികൾ മിടുക്കികളും, മിടുക്കൻ മാരുമാകുമെന്ന ധാരണ മാതാ പിതാക്കൾ മാറ്റിയേ തീരൂ.

കുട്ടികളുടെ പഠനത്തിന്റെ മികവ് കൂട്ടാൻ മാതാപിതാക്കൾ എടുക്കുന്ന ആവേശത്തിന്റെ നൂറിലൊന്നുപോലും അവരുടെ വ്യക്തിത്വ വികസനത്തിന്റെ കാര്യ ത്തിൽ എടുക്കുന്നില്ല. അതല്ലേ ദു:ഖസത്യം. ഈ അജ്ഞത

ഒരിക്കലും ആവർത്തിക്കാൻ പാടില്ല.

കുട്ടികൾ പഠിച്ചാൽ മതി. മാർക്ക് വാങ്ങിയാൽ മതി. അവർ വിജയിച്ച് മുന്നോട്ട് പോകും എന്ന ധാരണ തെറ്റായ ധാരണയാണ്.

വ്യക്തിത്വ വികസനം അഥവ EQ നെ ശക്തമാക്കുന്നത് ഒരു സാധാരണ കാര്യമാണ്. അസാദ്ധ്യമായി അതിൽ ഒന്നുമില്ല.

പക്ഷെ അത് ചെറുപ്പത്തിൽ തന്നെ തുടങ്ങണം എന്നുമാത്രം. ഒന്നുകൂടി വ്യക്തമായി പറഞ്ഞാൽ പെട്ടെന്നൊരു ദിവസം, ഇന്റർവ്യൂവിന് പോകുന്നതിന് തൊട്ടുമുൻപ് ഉണ്ടാക്കി എടുക്കാവുന്നതല്ല EQ അല്ലെങ്കിൽ നല്ലൊരു വ്യക്തിത്വം.

വളരെ ചെറുപ്പത്തിൽ മാതാപിതാക്കൾ ബോധപൂർവ്വം എടുക്കുന്ന തീരുമാനങ്ങളിലൂടെ കുട്ടികൾക്ക് കൊടുക്കുന്ന പരിശീലനത്തിൽ നിന്നുമാണ് നല്ല വ്യക്തിത്വം ഉരുത്തിരിഞ്ഞ് വരുന്നത്.

ഏറെ കണ്ടുപിടിത്തങ്ങൾ നടത്തിയ ഒരു ശാസ്ത്രജ്ഞൻ വിജയരഹസ്യം ചോദിച്ച പത്രപ്രവർത്തകനോട് അതു മൂന്നു വയസ്സിൽ അമ്മ പഠിപ്പിച്ചതാണെന്നു പറഞ്ഞു. "ഞാൻ ഫ്രിഡ്ജിൽ നിന്ന് വലിയ പാൽക്കുപ്പിയെടുത്തപ്പോൾ കുപ്പി കൈയിൽ നിന്നു തെന്നിത്താഴെ മറിഞ്ഞു വീണ്, മുറി പാൽക്കുളമായി' മാറി. അമ്മ ദേഷ്യപ്പെട്ടില്ല. ഇങ്ങനെ പാൽക്കുളം കാണാൻ അവസരം വേറെ വരില്ലെന്നു പറഞ്ഞു കുറെ നേരം പാലിൽ കളിക്കാൻ അനുവദിച്ചു. അതുകഴിഞ്ഞു ഞാനും അമ്മയും കൂടി തുണിയും ബ്രഷും വെള്ളവും കൊണ്ടു മുറി വൃത്തിയാക്കി. എന്തുകൊണ്ടാണു കുപ്പി തെന്നിപ്പോയതെന്നു ബോധ്യപ്പെടുത്താൻ മറ്റൊരു വലിയ കുപ്പിയുമായി മുറ്റത്തിറങ്ങി ടാപ്പിൽ നിന്നു വെള്ളം നിറച്ച കുപ്പി പൊക്കാൻ അമ്മ ആവശ്യപ്പെട്ടു. ഒറ്റക്കൈകൊണ്ടു വീണ്ടും ഞാൻ കുപ്പി പൊക്കുകയും അതു തെന്നി മണ്ണിൽ വീഴുകയും ചെയ്തു. തുടർന്ന് ഇരുകൈകളും കൊണ്ടു കുപ്പിയുടെ മടക്കിൽ പിടിച്ചു താഴെ വീഴാതെ ഉയർത്താൻ അമ്മ പഠിപ്പിച്ചു.

പാൽ കളഞ്ഞതിനു വഴക്കു പറഞ്ഞില്ലെന്നു മാത്രമല്ല, തെറ്റ് ആർക്കും വരുമെന്നും അത് ആവർത്തിക്കാതിരിക്കാൻ വഴി നോക്കുന്നതിനാലാണു ബുദ്ധിയെന്നും ആ ചെറിയ അനുഭവം വഴി അമ്മ എന്നെ പഠിപ്പിക്കുകയും ചെയ്തു. "ഇന്നും എനിക്കതു തുണയായിരിക്കുന്നു". ഇത് ഓരോ മാതാപിതാക്കളുടെയും കണ്ണു തുറപ്പിക്കണം.

ഓരോ കുട്ടികളുടെയും പ്രായത്തിനനുസരിച്ച് അവർക്ക് വീട്ടിലും, വീടിന് പുറത്തുമുള്ള ജോലികൾ കൊടുത്തിരിക്കണം. അത് മുറി തൂക്കുന്നതായിരിക്കാം, തേങ്ങാ ചിരണ്ടുന്നതായിരിക്കാം, വാഷിംഗ് മെഷീനിൽ തുണി ഇടുന്നതായിരിക്കാം, കടയിൽപോയി സാധനങ്ങൾ വാങ്ങുന്നതായിരിക്കാം. കുട്ടികളെകൊണ്ട് നിർബന്ധ മായും ജോലികൾ ചെയ്യിപ്പിക്കണം. അതിന് ആൺകുട്ടികളും, പെൺകുട്ടികളും തമ്മിൽ യാതൊരു വ്യത്യാസവുമുണ്ടാകരുത്.

അതുപോലെ സ്വന്തം കുട്ടികളെ മറ്റുള്ള കുട്ടികളുമായി ആശയവിനിമയം നടത്താനും, ഇടപഴകാനും മാതാപിതാക്കൾ സമ്മതിക്കാറില്ല. കാരണം അവർ ചീത്ത കൂട്ടുകെട്ടുകളിൽ അകപ്പെടുമെന്ന് വിചാരിച്ച്. കുട്ടികൾ സമപ്രായക്കാരുമായി ആശയ വിനിമയം ചെയ്യണം. അവർ ധാരാളം വ്യത്യസ്ത സ്വഭാവമുള്ള കുട്ടികളെ പരിചയപ്പെടുമ്പോൾ അവരുടെ വ്യക്തിത്വത്തെപ്പറ്റിയുള്ള അറിവിൽ പുതിയ ഉണർവ് ഉണ്ടാകും.

എൻജിനീയറിംഗ് ഒന്നാം വർഷ വിദ്യാർത്ഥിയായ കിരൺ അമ്മയോടൊപ്പം കൗൺസെലിംഗിനെത്തി. ഇലക്ട്രിക്കൽ എൻജിനീയറിംഗ് ഒന്നാം വർഷ പരീക്ഷ എഴുതാൻ തുടങ്ങുന്ന കിരൺ സ്വന്തം പ്രശ്നം ഇങ്ങനെയാണ് അവതരിപ്പിച്ചത്. എല്ലാത്തിനും ഒരു തരം വെപ്രാളം, എന്റെ ഭാവി എന്താകും എന്ന ചിന്ത. പരീക്ഷയിൽ തോൽക്കുമോ, പരീക്ഷയ്ക്ക് പഠിച്ചത് മറന്നുപോകുമോ, ആൾക്കാരെ അഭിമുഖീകരിക്കാൻ വിഷമം. സെമിനാറിന് സ്റ്റേജിൽ കയറിയാൽ എല്ലാം മറക്കും, കൈ വിറയ്ക്കും എന്തു പറയണമെന്ന് അറിയത്തില്ല.

ധാരാളം കുട്ടികളുടെ പ്രശ്നം ഏതാണ്ടിതുപോലെതന്നെ. കിരണിന്റെ പിതാവ് ഗൾഫിൽ ജോലി ചെയ്യുന്നു. അമ്മയാണ് കിരണിനെയും, അനിയനെയും വളർത്തുന്നത്. പിതാവിന്റെ അസാന്നിദ്ധ്യത്തിൽ കുട്ടികൾ വഴി തെറ്റാൻ പാടില്ല എന്ന തോന്നലിൽ അമ്മ എല്ലാ കാര്യങ്ങളിലും നിരന്തരമായി ഇടപെടും. നിവൃത്തിയുള്ളിടത്തോളം പുറത്ത് പോകാൻ അനുവദിക്കില്ല. അമ്മയുടെ അതിരുകവിഞ്ഞ സംരക്ഷണം കുട്ടികളുടെ കഴിവുകളെ ശക്തിപ്പെടുത്തില്ല. കൂട്ടുകാരുടെ കൂടെ പുറത്ത് പോകാൻ അനുവദിക്കില്ല. എല്ലാത്തിനും അമ്മയുണ്ട് കൂടെ. കിരൺ ഒരു പ്രതിസന്ധിപോലും നേരിട്ടിട്ടില്ല. പിന്നെ എങ്ങനെയാണ് കിരണിന്റെ വ്യക്തിത്വം വളരുന്നത്. ജീവിതത്തിലെ ചെറുതും വലുതുമായ പ്രതിസന്ധികളെ കാണുകയും, നേരിടുകയും ചെയ്യുമ്പോഴാണ് അവർ മാനസ്സികമായി ശക്തരാകുന്നത്.

പല വീടുകളിലും കുട്ടികൾക്ക് ഇതാണ് സംഭവിക്കുന്നത്. വളരേണ്ട സമയത്ത്, സ്ഥലത്ത് അവർ മുരടിക്കുന്നു. ഇത് വായിക്കുന്ന മാതാപിതാക്കൾക്ക് ഒരു പുതിയ ഉൾക്കാഴ്ച ലഭിച്ചു എന്നു വിശ്വസിക്കുന്നു.

കുട്ടികളുടെ വൈകാരിക ബുദ്ധി വളർന്നില്ലെങ്കിൽ അവർ പ്രയോജനമില്ലാത്തവരായി പോകും എന്ന് ലളിതമായ ഭാഷയിൽ പറയട്ടെ.

❖ ❖ ❖


# PHYSICAL CONSTITUTION AND TEMPERAMENT

**Abraham Verghese**,
Retired Professor of Psychiatry, Christian Medical College, Vellore.

HISTORICAL from very early times, the relationship between one's physical constitution or bodybuild and temperament has been frequently referred to. Thus Hippocrates, the Greek Physician and usually referred to as the father of modern Medicine, as far back as 500 BC, had differentiated two types of body build. They were Habitus apoplecticus[short, thick and obese] and Habitus phthisicus[tall, lean and slender] Charaka and Susrutha of Indian Medicine, as far back as 400 BC had classified three types of body build, associated with characteristic temperaments Those with a lean and tall body with poorly developed musculature tended to be reserved and philosophical.[Vatham body build].Those with short and thick body with flabby musculature tended to be happy-go-lucky in their approach to life.[Pitham body build].Those with well developed musculature came midway between the earlier two types[Kapham] This association between body build and temperament has gone very deep in popular thinking. The good humoured disposition of Falstaff is well known. The old English proverb, "Fat and merry, lean and sad"is rooted in this popular belief Shakespeare refers to this relationship in many of his plays, the best example being, Caeser's reminder to Antony:" Let me have men around me that are fat—yonder Cassius has a lean and hungry look; he thinks too much ; such men are dangerous.

RESEARCH STUDIES.

A scientific approach to this relationship between body build and temperament was initiated by Kretchmer, a German physician, in 1936 by making body measurements. He described three types of body build, similar to the ones previously referred to. The aesthenic or leptosomatic group is characterized by deficiency in thickness in all parts of the body. This group is represented by those who look taller than they actually are, who have narrow shoulders and lean arms with thin muscles and whose chest and abdomen are thin and devoid of fat. This group has a introverted temperament with a philosophical and reserved outlook on life. The second group is called the pyknic type, characterized by short and fat body, short neck and short limbs and flabby musculature. This group is extroverted in temperament with a happy-go-lucky approach to life. The third group is called the athletic and comes in between the earlier two groups in body build and temperament.



The next scientific study in this field was done Sheldon who took photographs of 4000 college students. He also reported three types of body build, similar to the groups referred to previously. He called these groups, Endomorph, Mesomorph and Ectomorph. The Endomorph group had short, thick and flabby body build with an extroverted temperament. The Ectomorph group had tall and lean body build with an introverted temperament. The Mesomorph group came between the two in body build and temperament.

The next important work done in this field was done by psychologists such as Cattel, Eysenck and others by making use of Factor analysis. They have suggested specific indices to describe the various types of body build.

IMPLICATIONS.

Thus all the above mentioned studies show that there are mainly three groups of body build or physical constitution, with characteristic temperaments. The short, thick and flabby type is associated with an extroverted temperament. This group is more prone to get psychiatric disorders such as Manic Depressive psychosis or Bipolar disorder. The tall and lean type is associated with an introverted temperament. This group is more prone to get psychiatric disorder such as Schizophrenia The third group comes in between the two in body build, temperament and proneness to get psychiatric disorders.

■ ■ ■

# സോഷ്യൽ മീഡിയ മാനേജ്മെന്റ്



## Social Media Managment

▪ റവ. ഏബ്രഹാം പി. വർക്കി
(Management Expert & Motivational Speaker)

മധ്യതിരുവിതാംകൂറിലെ ഒരു എൻജിനീയറിങ് കോളജിലെ മുപ്പതുകാരിയായ അദ്ധ്യാപികയാണ് വിമലടീച്ചർ. വിദ്യാർഥികൾക്കും സഹാദ്ധ്യാപകർക്കും പ്രിയങ്കരിയായ ടീച്ചർ. ഒരു ദിവസം ഫെയ്സ്ബുക്കിൽ ടീച്ചറുടെ പേജ് കണ്ട് കുട്ടികൾ ഫ്രണ്ട് റിക്വസ്റ്റ് അയച്ചു. രാത്രിയിൽ മിക്കവാറും വിമല ടീച്ചർ ഓൺലൈനിൽ വിദ്യാർഥികളോട് ചാറ്റ് ചെയ്യാൻ തുടങ്ങി. ക്രമേണ ചാറ്റിങ്ങിന്റെ സ്വഭാവം മാറി. അശ്ലീല പദപ്രയോഗങ്ങൾ, നഗ്നചിത്രങ്ങൾ അയച്ച് കൊടുക്കുവാൻ ആവശ്യപ്പെടുക തുടങ്ങിയ അപ്രതീക്ഷിതമായ പലതും ആവശ്യപ്പെട്ടു. ഇതേ അനുഭവം പല കുട്ടികൾക്കും ഉണ്ടായപ്പോൾ അവർ മറ്റ് അദ്ധ്യാപകരോട് പരാതിപ്പെട്ടു. തുടർന്ന് അദ്ധ്യാപകരും വിദ്യാർത്ഥികളും വിമല ടീച്ചറെ ഒറ്റപ്പെടുത്താൻ തുടങ്ങി. സത്യമറിഞ്ഞ വിമല ടീച്ചർ പകച്ചു നിന്നുപോയി. വിമല ടീച്ചറുടെ ശരിക്കുള്ള ഫെയ്സ്ബുക്ക് പേജിൽ നിന്ന് അടിച്ചുമാറ്റിയ ഫോട്ടോകൾ ഉപയോഗിച്ചുണ്ടാക്കിയ വ്യാജപ്രൊഫൈൽ ആയിരുന്നു അത്. സൈബർ പോലീസ് ഐടി മേഖലയിൽ ജോലിചെയ്യുന്ന ഒരാളെ പ്രതിയായി പിടികൂടി. അയാളുടെ വിക്രിയയിൽ മാനസികമായി തകർന്ന വിമല ടീച്ചർ സാധാരണ ജീവിതത്തിലേക്ക് മടങ്ങിവരാൻ ബുദ്ധിമുട്ടുന്നു. സാമൂഹിക മാധ്യമങ്ങളുടെ ദോഷഫലങ്ങളുടെയും വികലമായ സ്വാധീനങ്ങളുടെയും ഇത്തരം അനുഭവകഥകൾ നാം ദിനംപ്രതി കേൾക്കുന്നു. എന്നാൽ സാമൂഹിക മാധ്യമങ്ങളുടെ ദോഷവശങ്ങൾ പരമാവധി കുറച്ച് അവയെ സമൂഹത്തിന്റെയും വ്യക്തികളുടെയും വളർച്ചയ്ക്കും നന്മയ്ക്കും സൃഷ്ടിപരമായി എങ്ങനെ ഉപയോഗിക്കാം എന്നതാണ് ഈ ലേഖനത്തിന്റെ പ്രതിപാദ്യ വിഷയം.

ഡിജിറ്റൽ യുഗമെന്നോ, സൈബർ യുഗമെന്നോ, സെൽഫി യുഗമെന്നോ വിശേഷിപ്പിക്കാവുന്ന ഒരു കാലത്താണ് നാം ജീവിക്കുന്നത്. ദിനപ്പത്രങ്ങൾ, പുസ്തകങ്ങൾ, ടെലിവിഷൻ, സിനിമ, മൊബൈൽ ഫോൺ, കംപ്യൂട്ടർ, ഇന്റർനെറ്റ് തുടങ്ങിയ മാധ്യമ ശൃംഖല അതിവിശാലമാണ്. സാമൂഹിക മാധ്യമങ്ങളായ ഫെയ്സ്ബുക്ക്, വാട്സ്അപ്പ്, ലിങ്ക്ഡ് ഇൻ, ടിറ്റർ മുതലായവയെ ഒഴിവാക്കിയുള്ള ഒരു ജീവിതം ന്യൂജനറേഷന് സങ്കൽപ്പിക്കാനാവില്ല. ഇൻഡ്യയിൽ ഏകദേശം 90 കോടി ആളുകൾ മൊബൈൽ ഫോൺ ഉപയോഗിക്കുന്നു. സാമുഹിക മാധ്യമങ്ങളായ വാട്സ് അപ്പിന് 4 കോടി വരിക്കാരും, ഫെയ്സ്ബുക്കിന് 9.2 കോടി വരിക്കാരുമുണ്ട്. ഇതിൽ ഫെയ്സ് ബുക്കിന്റെ ഉപയോഗത്തിൽ ഇന്ത്യയ്ക്ക് ലോകത്തിൽ രണ്ടാം സ്ഥാനമാണ്. അതെ, ആധുനിക യുഗത്തിൽ ജീവിതത്തിന്റെ സമസ്ത മേഖലകളിലും മാധ്യമങ്ങളുടെ സ്വാധീനം ഉണ്ട്. ശക്തവും നിർണ്ണായകവുമായ വിധത്തിൽ അവ നമ്മുടെ തീരുമാനങ്ങളെയും തിരഞ്ഞെടുപ്പുകളെയും മൂല്യബോധത്തെയും സ്വാധീനിക്കുന്നു. ആഗ്രഹങ്ങളെയും അഭിരുചികളെയും നിയന്ത്രിക്കുന്നു. ചുരുക്കത്തിൽ സാമൂഹിക മാധ്യമങ്ങൾ മനുഷ്യന്റെ ജീവിതത്തെതന്നെ മാറ്റിമറിച്ചിരിക്കുന്നു.

മാധ്യമങ്ങൾ ആധുനിക ലോകത്തിൽ വിപ്ലകരമായ മാറ്റങ്ങൾ സൃഷ്ടിക്കുമ്പോൾ അവയുടെ ദോഷഫലങ്ങളും ദുരുപയോഗം ചെയ്യപ്പെടുന്ന വിധങ്ങളും നാം അറിയാതെ പോകരുത്. ആധുനിക മാധ്യമങ്ങൾ വഴി കൊലപാതകങ്ങൾ, രതിവൈകൃതങ്ങൾ അശ്ലീലഭാഷണം, കള്ളക്കടത്ത്, ആത്മഹത്യകൾ, മാദക നൃത്തങ്ങൾ, ബലാൽസംഗങ്ങൾ,



കിടപ്പറ രംഗങ്ങൾ, തട്ടിപ്പുവെട്ടിപ്പു സംഘ പ്രവർത്തനങ്ങൾ തുടങ്ങിയവ അനസ്യൂതം വന്നുകൊണ്ടിരിക്കുന്നു. നമ്മുടെ നാട്ടിൽ ഏറിവരുന്ന സ്ത്രീപീഡനങ്ങളുടെയും പെൺവാണിഭങ്ങളുടെയും രതിവൈകൃതങ്ങളുടെയും കൊലപാതകങ്ങളുടെയും തട്ടിപ്പ് വെട്ടിപ്പുകളുടെയും എല്ലാം പ്രചോദനം മിനി സ്ക്രീൻ ആണെന്നുള്ളത് അനേക പഠനങ്ങൾ വെളിപ്പെടുത്തിയിട്ടുണ്ട്. 'മാതാപിതാ ഗൂഗിൾ ദൈവം' എന്ന വിചാരത്തിലേക്ക് എത്തിയിരിക്കുന്നു പുതുതലമുറ സോഷ്യൽ മീഡിയായുടെ ദുരന്തങ്ങളിലും കെണിയിലും വീഴുന്നത് നാം കാണാതെ പോകരുത്. 'ഏത് വസ്ത്രം ധരിക്കണം, എന്ത് ഹെയർ സ്റ്റൈലാകാം, ഏത് പൊട്ട് തൊടാം എന്നതുപോലും സോഷ്യൽ മീഡിയായിൽ സെൽഫിയെടുത്ത് അയച്ച് ലൈക്കു വാങ്ങി തീരുമാനിക്കുന്ന സെൽഫി ജനറേഷനെ കാത്തിരിക്കുന്നത് അപകടത്തിന്റെ പടുകുഴികളാണ്' - ഡോ. ദിവ്യ എസ്. അയ്യർ, അസിസ്റ്റന്റ് കലക്ടർ, കോട്ടയം.

**സോഷ്യൽ മീഡിയാ മാനേജ്മെന്റ്- ലക്ഷ്യം (Social Meadia Management-Purpose)**

ഇലക്ട്രോണിക്- സോഷ്യൽ മീഡിയ അരങ്ങ് വാഴുന്ന ഉത്തരാധുനിക യുഗത്തിൽ വ്യക്തികൾക്കും കുടുംബങ്ങൾക്കും മാധ്യമങ്ങളുടെ ഉപയോഗം സംബന്ധിച്ച് ക്രൈസ്തവ ദർശനത്തിന്റെ വെളിച്ചത്തിൽ മാർഗദർശനം നൽകേണ്ടത് അത്യാവശ്യമാണ്. അതായത് മാധ്യമങ്ങളുടെ ദോഷവശങ്ങൾ പരമാവധി കുറച്ച് അവയെ വ്യക്തികളുടെയും സമൂഹത്തിന്റെയും ഉന്നമനത്തിന് സൃഷ്ടിപരവും ഗുണപരവുമായി എങ്ങനെ ഉപയോഗപ്പെടുത്താം എന്നതാണ് സോഷ്യൽ മീഡിയ മാനേജ്മെന്റിന്റെ ലക്ഷ്യം.

ഉത്തരാധുനികതയുടെ നാഡീകേന്ദ്രമായിരിക്കുന്ന അത്യന്താധുനിക മാധ്യമങ്ങളെ ഒഴിവാക്കിയുള്ള ഒരു ജീവിതം ഇനി ഉണ്ടാവില്ല. അതുകൊണ്ട് ക്രൈസ്തവ മൂല്യാധിഷ്ടിതമായ ഒരു മാധ്യമ വീക്ഷണവും സന്തുലിതമായ മാധ്യമ സാക്ഷരതയും കൊണ്ട് മാധ്യമങ്ങളെ സൃഷ്ടിപരമായി ഉപയോഗിക്കുകയും മാധ്യമങ്ങളുടെ പിൻബലത്തോടെ സമൂഹത്തിൽ ഗുണപരമായ വ്യതിയാനങ്ങൾ ഉണ്ടാക്കുകയും ചെയ്യണം. അപ്പോൾ സമ്പന്നമായ ഒരു മാധ്യമ സംസ്കാരം സൃഷ്ടിക്കുവാൻ സാധിക്കും.

എല്ലാ മാധ്യമങ്ങളിലും ഉള്ള നന്മയുടെ അംശങ്ങളെ തിരിച്ചറിയുവാനും അവയെ പരിപോഷിപ്പാനും ഉതകുന്ന സമീകൃതമായ ഒരു ക്രൈസ്തവ മാധ്യമ ദർശനമാണ് ഇന്നിന്റെ ആവശ്യം. എന്ത് സ്വീകരിക്കണം എന്ത് തിരസ്കരിക്കണം എന്ന് അറിയാതെ ആശയക്കുഴപ്പത്തിലാകുന്ന മാധ്യമ ഉപഭോക്താവിനെ പക്വമായ ഒരു മാധ്യമ തിരഞ്ഞെടുപ്പിനും ആസ്വാദനത്തിനും സഹായിക്കുന്ന ഒരു മാധ്യമ സാക്ഷരത-ക്രൈസ്തവ മൂല്യങ്ങളിൽ അധിഷ്ടിതമായ ഒരു മാധ്യമ വിദ്യാഭ്യാസ പദ്ധതി ഇന്നിന്റെ അടിയന്തിര ആവശ്യമാണ്.

**സോഷ്യൽ ഡിസ്കണക്ഷൻ സിൻഡ്രോം (Social Disconnection Syndrome)**

എന്തൊരു സ്വഭാവമാണ് എന്റെ മോളുടെതെന്ന് മനസ്സിലാകുന്നില്ല; ഓർത്തിട്ട് എനിക്ക് ആധിയാണ്- അമ്മ പറയുന്നു. ബന്ധുക്കളും അയൽക്കാരും വീട്ടിൽ വന്നാൽ അവൾ മൈൻഡ് ചെയ്യാറില്ല. ഒന്നുകിൽ ടെലിവിഷന്റെയോ കംപ്യൂട്ടറിന്റെയോ മുമ്പിൽ അല്ലെങ്കിൽ മൊബൈൽ ഫോണിന്റെ മുമ്പിൽ. മറ്റാരുടെയും കാര്യം അവൾക്ക് പ്രശ്നമല്ല. സ്വന്തം മുറി, സ്വന്തം ഇഷ്ടങ്ങൾ, സ്വന്തം കൂട്ടുകാർ അതാണവളുടെ ലോകം. ബന്ധുക്കളുടെ വീട്ടിലോ എന്തിന് പള്ളിയിൽ പോകാനും ഇഷ്ടമില്ല. 'ബോറാണ്' എന്നാണവൾ പറയുന്ന മറുപടി. വളർത്തിയത് ശരിയാകാത്തത് കൊണ്ട്, ടീനേജ് പ്രശ്നം, ന്യൂക്ലിയർ ഫാമിലിയുടെ പ്രശ്നം എന്നൊക്കെപ്പറഞ്ഞ് ഇത്തരം പരാതികളെ സാമാന്യവൽക്കരിക്കാൻ പറ്റില്ല. സ്വന്തം കുടുംബത്തിൽ നിന്നും സമൂഹത്തിൽ നിന്നും സഭയിൽ നിന്നും ന്യൂജനറേഷൻ തലമുറയ്ക്ക് ഉണ്ടായിക്കൊണ്ടിരിക്കുന്ന അത്യവൽക്കരണ (Disconnection) ത്തിനാണ് സോഷ്യൽ ഡിസ്കണക്ഷൻ സിൻഡ്രോം എന്നു പറയുന്നത്. ഇത് നമ്മുടെ സമൂഹത്തിലെ ഒട്ടുമിക്ക കുടുംബങ്ങളും അഭിമുഖീകരിക്കുന്ന പ്രശ്നമാണ്.

ഇപ്രകാരം മാതാപിതാക്കളോടും ബന്ധുക്കളോടും അയൽപക്കക്കാരോടും ഒക്കെ സഹകരിക്കാതെ വരുമ്പോൾ ഉണ്ടാകുന്ന തലച്ചോർ തകരാറ് ഭാവിയിൽ ഊഷ്മളമായ വ്യക്തിബന്ധങ്ങൾ സ്ഥാപിക്കാനുള്ള ഒരു കുട്ടിയുടെ കഴിവിനെ പരിമിതപ്പെടുത്തുന്നു. മാത്രമല്ല ഈ അന്യവൽക്കരണം സൃഷ്ടിക്കുന്ന അരക്ഷിതാവസ്ഥയിൽ നിന്ന് കരകയറാൻ താത്ക്കാലികമായി ആശ്വാസമേകുന്ന ആഴം ഇല്ലാത്ത ലൈംഗിക ബന്ധങ്ങൾ, വേഗത്തിലുള്ള ആഗ്രഹ നിവർത്തികൾ വാഗ്ദാനം ചെയ്യുന്ന 'കപട ആത്മീയ പ്രസ്ഥാനങ്ങൾ' തുടങ്ങിയവയിൽ അവർ വീണുപോകാൻ സാധ്യതയുണ്ട്.

വ്യക്തിബന്ധങ്ങളിൽ നിന്ന് മാത്രമല്ല, നമ്മുടെ സംസ്കാരത്തിൽ നിന്നും, വിശ്വാസത്തിൽ നിന്നും, മൂല്യങ്ങളിൽ നിന്നും, ആചാരാനുഷ്ഠാനങ്ങളിൽ നിന്നും എല്ലാം പുതുതലമുറ അന്യവൽക്കരിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. സംശയം വേണ്ട, ഈ പ്രതിഭാസം പല സഭകളുടെയും സമൂഹങ്ങളുടെയും നിലനിൽപ്പിനെ തന്നെ ചോദ്യം ചെയ്യുന്നു. അത്യന്തം ഗുരുതരമായ ഈ പ്രശ്നത്തെ സഭാ നേതൃത്വം അർഹിക്കുന്ന ഗൗരവത്തോടെ മനസ്സിലാക്കേണ്ടതാണ്. അതായത് ന്യൂജനറേഷന്റെ മസ്തി

ഷ്കത്തെ കുടുംബാംഗങ്ങളുമായും സഭയുമായും സർവ്വോപരി ദൈവവുമായും ബന്ധിപ്പിക്കാനുള്ള ഒരു 'റീ കണക്ഷൻ കർമ്മ പദ്ധതി' കുടുംബങ്ങളിൽ നിന്നു തന്നെ തുടങ്ങേണ്ടിയിരിക്കുന്നു. ഭവനങ്ങൾ വിശ്വാസ ആചാരങ്ങളുടെയും മനുഷ്യ ബന്ധങ്ങളുടെയും പരിശീലന കളരിയായി മാറണം.

**സാമൂഹിക മാധ്യമങ്ങൾ-ചില വേദപുസ്തക ഉൾക്കാഴ്ചകൾ**

**Social Media- Some Biblical Insights**

ഇന്നത്തെ മിന്നൽ മാധ്യമങ്ങളിൽ നാം കാണുന്നതും കേൾക്കുന്നതും എല്ലാം നമ്മുടെ വ്യക്തിവളർച്ചയ്ക്കോ ധാർമിക ഉന്നതിക്കോ ആത്മീയ പരിപോഷണത്തിനോ ഉതകുന്നവയാകണമെന്നില്ല. അതിനാൽ മാധ്യമ ഉപയോഗത്തിനുള്ള വിവേചനാ പൂർണ്ണമായ ഒരു തിരഞ്ഞെടുപ്പ്, ആവശ്യമാണെന്ന് പൗലോസ് ശ്ലീഹ ഊന്നിപ്പറയുന്നു. 'ഒടുവിൽ സഹോദരന്മാരേ, സത്യമായത്... നിർമ്മലമായതൊക്കെയും ... ചിന്തിച്ചു കൊൾവിൻ' (ഫിലിപ്പിയർ 4:8). നന്മയും തിന്മയും ഇടകലർന്ന മാധ്യമ സംസ്കാരത്തിൽ ഒരു വിശ്വാസി എങ്ങനെ ഈ തിരഞ്ഞെടുപ്പ് നടത്തണം എന്നതിനെ സംബന്ധിച്ച് വ്യക്തമായ ഒരു മാനദണ്ഡം ഇവിടെ കാണുന്നു.

മാധ്യമങ്ങളുടെ ആകർഷകമായ പല കാഴ്ചകളും മോഹം ജനിപ്പിക്കുന്നവയും ധാർമ്മിക മൂല്യങ്ങൾക്കും ക്രിസ്തീയ വിശ്വാസത്തിനും നിരക്കാത്തവയുമാണ്. സംശയമുണ്ടോ?. ഇത് വിശ്വാസ അപചയത്തിന് ഒരു പ്രധാന കാരണമാണ്. അതുകൊണ്ട് നമ്മുടെ ആത്മീയ ജീവിതം ചൈതന്യമുള്ളതാക്കുവാൻ നമ്മുടെ കണ്ണുകളെ സൂക്ഷിക്കേണ്ടതിന്റെ ആവശ്യകത കർത്താവ് മുൻകൂട്ടി പറയുന്നു: ശരീരത്തിന്റെ വിളക്ക് കണ്ണ് ആകുന്നു... എന്നാൽ നിന്നിലുള്ള വെളിച്ചം ഇരുട്ടായാൽ ഇരുട്ട് എത്ര വലിയത്? (മത്തായി 6:22-23) വിശുദ്ധ കുർബാനയുടെ തുയോബോ പ്രാർത്ഥനയിൽ വൈദികൻ ത്രോണോസിനു മുമ്പിൽ മുട്ടിന്മേൽ നിന്ന് ചൊല്ലുന്ന പ്രാർത്ഥനയുടെ അർത്ഥവും മറ്റൊന്നല്ല: 'ദുർമ്മോഹത്തോടെ നോക്കാതിരിക്കുവാൻ എന്റെ കണ്ണുകളെയും... നിന്നിൽ ചലിക്കത്തക്കവണ്ണം എന്റെ, അന്തരിന്ദ്രീയങ്ങളെയും നീ കാത്തുകൊള്ളേണമേ.' ദാവീദു പാടുന്നത് നമുക്കും ആവർത്തിക്കാം. 'ഞാൻ ഒരു നീചകാര്യവും എന്റെ കണ്ണിനു മുമ്പിൽ വയ്ക്കുകയില്ല' (സങ്കീർത്തനം 101:3). കണ്ണുകൾക്ക് ആനന്ദം തരുന്ന അസാന്മാർഗികതയിലും അധാർമികതയിലും അഭിരമിക്കുന്നവരെ നോക്കി കർത്താവ് മുന്നറിയിപ്പ് നൽകുന്നു: 'ലോത്തിന്റെ ഭാര്യയെ ഓർത്ത് കൊൾവിൻ' (ലൂക്കോസ് 17:32).

**സാമൂഹ്യ മാധ്യമങ്ങൾ-സഭയുടെ നിലപാടും ചുമതലയും**

**(Social Media- Church's Stand and Responsibility)**

പാശ്ചാത്യ കമ്പോള വ്യവസ്ഥിതിയുടെ ലക്ഷ്യം ഏതാനും ഉൽപന്നങ്ങൾ വിറ്റഴിക്കുക മാത്രമല്ല, സംസ്കാരിക മൂല്യങ്ങളുടെ അധിനിവേശവും ഉണ്ട്. ഉദാഹരണത്തിന് കുടുംബ ജീവിതത്തിന് അത്ര വലിയ പവിത്രത നൽകേണ്ടതില്ല; ആവശ്യമെങ്കിൽ പിരിഞ്ഞ് പോകാവുന്നതാണ് എന്ന പാശ്ചാത്യ ചിന്ത നമ്മുടെ സമൂഹത്തിലും ഇന്ന് വ്യാപകമായിരിക്കുന്നു. ആഹാരം, വസ്ത്രധാരണം, ലൈംഗികത, ആത്മീയത തുടങ്ങി സകല കാര്യങ്ങളിലും ഈ സാംസ്കാരിക അധിനിവേശം ഉണ്ടായിക്കൊണ്ടിരിക്കുന്നു. ഇതിന് ചുക്കാൻ പിടിക്കുന്നത് മാധ്യമങ്ങളാണ്. അതുകൊണ്ടുതന്നെ മാധ്യമവീക്ഷണവും ക്രിസ്തുദർശനവും തമ്മിൽ മൂല്യാധിഷ്ഠിത ഭിന്നതകൾ എല്ലാക്കാലത്തും നിലനിൽക്കുന്നു. അപ്പോൾ സഭയുടെ ചുമതല മാധ്യമ ലോകത്ത് നിന്ന് പിന്മാറുക എന്നതല്ല മറിച്ച് യഥാർത്ഥ ആത്മീയതയ്ക്ക് ചേരുന്ന വ്യത്യസ്തമായ ഒരു മാധ്യമ സംസ്കാരം സൃഷ്ടിക്കുക എന്നത് കാലഘട്ടത്തിന്റെ അടിയന്തര ആവശ്യമാണ്.

മാധ്യമ സംസ്കാരത്തിന്റെ വേരുകൾ ധനം, പ്രതാപം, ആർത്തി, സുഖലോലുപത തുടങ്ങിയ അതിഭൗതികയിലൂന്നിയ ചേരുവകളിലാണ്. ഇന്നത്തെ മാധ്യമ സംസ്കാരത്തെ വ്യക്തമായി വിലയിരുത്തി ഒരു ബദൽ സംസ്കാരത്തെക്കുറിച്ച് ചിന്തിക്കുവാനും മാധ്യമങ്ങൾക്ക് ഒരു ആത്മീയമാനം ഉണ്ടാക്കുവാനും ക്രൈസ്തവസഭകളുടെ കൂട്ടായ യത്നം അനിവാര്യമാണ്. മാധ്യമങ്ങളുടെ സാമൂഹിക, സാംസ്കാരിക, ധാർമിക മൂല്യങ്ങളെ ക്രൈസ്തവ ദർശനത്തിന്റെ വെളിച്ചത്തിൽ വിശകലനം ചെയ്ത് വിശ്വാസികളെയും സമൂഹത്തെയും ബോധവത്കരിക്കുകയും മൂല്യാധിഷ്ഠിത ജീവിതത്തിലേക്ക് നയിക്കുകയും ചെയ്യേണ്ടത് സഭയുടെ ചുമതലയാണ്. ക്രിസ്തുദർശനത്തിലും ക്രിസ്ത്യാനുഭവത്തിലും ഊന്നിയ ക്രൈസ്തവ മാധ്യമ വീക്ഷണമാണ് സഭ ആവിഷ്കരിക്കേണ്ടത്. അതെ, വിശ്വാസ സത്യങ്ങൾക്ക് ചേർന്നതും, വിശ്വാസ ജീവിതത്തിൽ ഒരുവനെ ശാക്തീകരിക്കുന്നതും ആത്മീയ പോഷണത്തിന് ഉതകുന്നതുമായ ഒരു മാധ്യമ വീക്ഷണത്തിന് സഭ രൂപം കൊടുക്കണം.

"സാമൂഹിക സമ്പർക്ക മാധ്യമങ്ങളിലൂടെയുള്ള ആശയവിനിമയം കേവലം വൈകാരീകോദ്ദീപനമോ വശീകരണമോ കച്ചവടമോ മാത്രമല്ല. ലാഭം മാത്രം ലക്ഷ്യം വയ്ക്കുന്ന ഒരു ഉദ്യമവുമല്ല. ....

നീതിയിലും സ്നേഹത്തിലും അധിഷ്ഠിതമായ മനുഷ്യകുലത്തെ വാർത്തെടുക്കുവാനാണ് സാമൂഹിക വിനിമയോപാധികൾ ഉപകരിക്കേണ്ടത്. അപ്പോൾ മാത്രമാണ് അവ പ്രത്യാശയുടെ നിമിത്തങ്ങളായിത്തീരുക." - ജോൺ പോൾ രണ്ടാമൻ മാർപാപ്പ. ■

# പ്രതികരണം

**Justice K.T.Thomas**

Please convey my hearty congrats to Justice K.T.Thomas for pointing out this anomaly. As a member of Marthoma Church, I am proud that a member of our church has exposed this trend which is a sure sign of decay among Christ's followers. Moreover, in our country where even pensioners are paying Income Tax, Church leaders whose income is hardly ever accounted often spend large sums on luxury cars and residences which resemble palaces, where ordinary members of their own church dare not step in, though they too have put in their mite.

The aspect of unaccounted money collected as donation is a matter of shame. Greater the sin when its collected from their own members whose forefathers have toiled to build up the institution in its infancy.As a member of Marthoma Church Justice K.T.Thomas has indeed made a prophetic warning which would sooner or later befall the Christian Community if the present trend continues.

Editors of New Vision too have been courageous to print the article.Its my hope and prayer that such path breaking articles would continue to adorn the pages of New Vision.

**Thomas Zachariah T. Cochin.**

ശ്രീലങ്ക സന്ദർശനം വളരെ ഭംഗിയായി ഡോ.മാത്യു കോശി വിവരിച്ചിരിക്കുന്നു. ശ്രീലങ്കയിലെ സഭയുടെ പ്രവർത്തനങ്ങളെകുറിച്ചും തമിഴ് ജനതയുടെ കഷ്ടപ്പാടിനെക്കുറിച്ചുമുള്ള വിവരണം ഒരു പുതിയ അറിവായിരുന്നു. കെ പി യോഹന്നാൻ ബിഷപ്പല്ലെന്ന് ഒരു പരാമർശം ശ്രദ്ധയിൽ പെട്ടു. സി.എസ്.ഐ സഭയിലെ തന്നെ ബിഷപ്പുമാരാൽ കൈവയ്പ്പ് ലഭിച്ച കെ പി യോഹന്നാൻ ബിഷപ്പല്ലായെന്നത് വിശദീകരണമർഹിക്കുന്നു.

**രാജൻ മാത്യൂസ്, ഹൈദ്രബാദ്**

മറുപടി: ബിഷപ്പ് ഡാനിയേൽ ത്യാഗരാജ പറഞ്ഞ കാര്യം അതേപടി പ്രസിദ്ധീകരിക്കുകയാണ് ഞങ്ങൾ ചെയ്തിരിക്കുന്നത്. ഈ കത്തിന്റെ വെളിച്ചത്തിൽ സി.എസ്. ഐ. സഭയുടെ ജനറൽ സെക്രട്ടറിയുടെ അടുക്കൽ ഞങ്ങൾ വിശദീകരണം ചോദിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ മറുപടി ഇപ്രകാരമാണ്. – “സി.എസ്.ഐ. സഭയിലെ ബിഷപ്പ് പദവി മറ്റ് സഭകളിൽ നിന്നും വ്യത്യാസമുള്ളതാണ്. സി.എസ്.ഐ. സഭയിൽ ഐക്യതയിൽ വന്ന അംഗസഭകളിൽ ആംഗ്ലിക്കൻ സഭയ്ക്ക് മാത്രമേ ബിഷപ്പ് ഉണ്ടായിരുന്നുള്ളു. ബാക്കിയുള്ള സഭകൾക്കെല്ലാം ബിഷപ്പ് എന്ന സ്ഥാനം വേണ്ടായെന്ന നിലപാട് ശക്തമായിരുന്നു. അവസാനമുണ്ടായ ധാരണപ്രകാരം ചരിത്രപരമായ എപ്പിസ്കോപ്പസി എല്ലാവരും അംഗീകരിക്കുകയും ഭരണഘടനയ്ക്കനുസരിച്ചു മാത്രമേ ആ പദവി ഉപയോഗിക്കാവൂവെന്നും തീരുമാനിച്ചു. ആർക്കെങ്കിലും പട്ടമോ ബിഷപ്പ് സ്ഥാനമോ നൽകണമെങ്കിൽ ഭരണഘടനയിൽ പറഞ്ഞിരിക്കുന്ന എല്ലാ പരിശോധനകളും നടത്തിയ ശേഷം ബന്ധപ്പെട്ട കമ്മിറ്റി അംഗീകരിച്ചതിന് ശേഷം എക്സിക്യൂട്ടിവ് കമ്മിറ്റിയുടെ തീരുമാനം വിജ്ഞാപനം സെക്രട്ടറി വായിച്ചതിന് ശേഷം മാത്രമേ കൈവെയ്പ് നൽകാനാവൂ. വൈദികൻ പോലുമല്ലാത്ത കെ. പി. യോഹന്നാന്റെ തലയിൽ സി.എസ്.ഐ.യിലെ എത്ര ബിഷപ്പുമാർ കൈവെച്ചാലും ബിഷപ്പാകില്ല. കെപി യോഹന്നാനെ ബിഷപ്പായി സിഎസ്സ് ഐ അംഗീകരിക്കുന്നതല്ലായെന്ന് നേരത്തെ നടന്ന സിനഡിന്റെ തീരുമാനമുണ്ട്. അതുകൊണ്ട് അദ്ദേഹം നേതൃത്വം നൽകുന്ന സഭയെയും സി.എസ്.ഐ സഭ അംഗീകരിക്കുന്നില്ല. സി.എസ്.ഐ സഭയിലെ ബിഷപ്പ് റിട്ടയർ ചെയ്യുന്നതോടെ അധികാരങ്ങളും നഷ്ടപ്പെടുന്നുണ്ട്. റിട്ടയർ ചെയ്ത ബിഷപ്പുമാർക്ക് വിവാഹം നടത്തി രജിസ്റ്ററിൽ ഒപ്പിടുവാൻ സാധിക്കയില്ല. ഭരണഘടനയ്ക്ക് വിധേയമായ ബിഷപ്പ് പദവിയായതിനാലാണിത്.”

**എഡിറ്റർ**

## ന്യുവഷൻ മാസിക ഡിജിറ്റൽ പതിപ്പിലേക്ക്

വിദേശത്ത് പലർക്കും ന്യു വിഷൻ മാസിക ക്രമമായി ലഭിക്കുന്നില്ലെന്ന് ഞങ്ങൾക്കറിയാം. ചിലത് മാസങ്ങൾക്ക് ശേഷവുമാണ് ലഭിക്കുന്നത്. ഇനിയും എല്ലാ മാസവും 28ന് തൊട്ടടുത്ത് മാസിക വെബ്സൈറ്റിൽ ലഭിക്കും. മാത്രവുമല്ല പഴയ ലക്കങ്ങൾ വായിക്കുവാനും സാധിക്കുന്നതാണ്. തൽക്കാലം ഇതിന് യതൊരു ഫീസും ഈടാക്കുന്നതല്ല. മാത്രവുമല്ല, നിങ്ങളുടെ അഭിപ്രായങ്ങൾ രേഖപ്പെടുത്തുവാനും സാധിക്കും. അതിന് നിങ്ങളുടെ പേരും ഫോൺ നമ്പരും രജിസ്റ്റർ ചെയ്താൽ മതിയാകും. വിദേശ സഭകളിലെ വാർത്തകൾ, ഫോട്ടോകൾ തുടങ്ങിയവയും പ്രസിദ്ധീകരിക്കാം.

**www.newvisionmagazine.org**

# V.V. BABUKUTTY, CPA, PFS, CFP



9660 Hillcroft Ave. Suite 308
Houston, TX 77096
Tel: (713) 975-6800
Fax: (713) 728-0087
Toll Free: 1 (888) 491-1400

**Professional services in:**

**INVESTMENT**
- Stock market
- Mutual funds
- Monthly savings for college education

**INCOME TAX**
- Tax planning
- Tax return preparation

**RETIREMENT**
- Life time income plans for retirees
- IRA - Roth and Traditional
- 401K, 403B, 457 plan, TSA and SEP
- Rollovers and Transfers

**INSURANCE**
- Planning for family income and estate tax
- Variable annuity

**ESTATE TAX**
- Estate planning
- Wills

**Investment Advisor Representative**
Securities and advisory services offered
through Cetera Advisor Networks, LLC
member FINRA/SIPC

**NEW VISION FOR A CHANGING WORLD**
Annual Subscription Rs. 100/-

Registered with the Registrar of Newspapers for India, under
**No. KER BIL/2000/1543**

**January 2016**
**Postal Regn. KL/KTM/009/2015-17**
**Posted at Kottayam RMS on 28th of every preceding month**

**Licence No. KL/CR/KTM/WPP-20/2015-17**
**Licensed to Post without Prepayment**

**Published on 28. 12. 2015**



പാരിസിൽ നടന്ന കാലാവസ്ഥ മാർച്ചിന്റെ സമാപന സമ്മേളനത്തിൽ അഖിലലോക സഭാ കൗൺസിൽ എക്സിക്യൂട്ടിവ് സെക്രട്ടറി ഡോ.ഗള്ളിർമോ കെർബർ (ഇടത്തു നിന്ന് അഞ്ചാമത്) പ്രസംഗിക്കുന്നു. ഒന്നാമത് റവ പീറ്റർ ഷെർഹാൻസ്.



ജർമ്മനിയിൽ നിന്നും പാരിസിലേക്കുള്ള കാലാവസ്ഥ മാർച്ചിൽ പങ്കെടുത്ത ബിഷപ്പുമാരും, വൈദീകരും, വിവിധ സഭകളുടെ പ്രതിനിധികളും ഉൾപ്പെടുന്ന സംഘം പാരിസിൽ റയിൽവേസ്റ്റേഷനിൽ.

**Edited, Printed and Published by Dr. Mathew Koshy, Punnackadu**
**Owned by Rev. K.C. Mathew, Chairperson, Nava Darshan Trust, Manganam, Kottayam.**
**Printed at IGM Offset Press for Learners' Offset Printers, CMS College Road, Kottayam**
**Page Layout @ IGM Offset & DTP Centre, Tvla Ph : 0469 2602192, 2601137, E-mail : igmthiruvalla@hotmail.com**